**സബ്മിഷൻ**

തീരദേശവാസികളുടെ ഭവനനിർമ്മാണം

ശ്രീ. ടി. എൻ. പ്രതാപൻ : സർ, കേന്ദ്രസർക്കാരിന്റെ തീരപരിപാലന നിയമത്തിന്റെ അടിസ്ഥാനത്തിൽ നമ്മുടെ സംസ്ഥാനത്തെ 10 ജില്ലകളിലും 128 ഗ്രാമപഞ്ചായത്തുകളിലും 24 മുനിസിപ്പാലിറ്റികളിലും തിരുവനന്തപുരം, കൊല്ലം, കൊച്ചി, കോഴിക്കോട് ഉൾപ്പെടെയുള്ള കോർപ്പറേഷൻ പ്രദേശങ്ങളിലുമടക്കമുള്ള നമ്മുടെ പരമ്പരാഗത സമൂഹത്തിന് കടൽ-കായൽ-ഉൾനാടൻ ജലാശയങ്ങളുടെ തീരത്ത് വീടുവച്ച് താമസിക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുകയാണ്. തീരമേഖലയിൽ വസിക്കുന്നവരുടെ ഭവനനിർമ്മാണത്തിനും മറ്റവശ്യ നിർമ്മാണങ്ങൾക്കും സംസ്ഥാന സർക്കാരിന്റെ വികസന നിർമ്മാണപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും തീരദേശ പരിപാലന അതോറിറ്റിയുടെ മുൻകൂർ അനുമതി ആവശ്യമാണ്. CRZ വിജ്ഞാപനപ്രകാരം സംസ്ഥാന തീരദേശ അതോറിറ്റി 60 ദിവസത്തിനകം നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നിർമ്മിതികൾക്കുള്ള അനുമതി നൽകുകയോ ശിപാർശ ചെയ്യുകയോ നിരാകരിക്കുകയോ ചെയ്യണം. എന്നാൽ രണ്ട് വർഷം കഴിഞ്ഞാലും നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ സാധിക്കുന്നില്ല. സംസ്ഥാന തീരദേശ പരിപാലന

അതോറിറ്റിയിൽ രണ്ടായിരത്തോളം അപേക്ഷകൾ തീർപ്പ് കൽപ്പിക്കാൻ ഇപ്പോഴുണ്ടെന്നാണ് മനസ്സിലാക്കുന്നത്. ഇത്തരത്തിൽ അപേക്ഷകൾ കെട്ടിക്കിടക്കുന്നത് മത്സ്യത്തൊഴിലാളികളടക്കമുള്ള തീരദേശവാസികൾക്ക് ഭവനനിർമ്മാണത്തിന് വലിയ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുകയാണ്. സർക്കാർ പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ള ഭവനനിർമ്മാണങ്ങൾക്കുപോലും CRZ ക്ലിയറൻസ് ലഭിക്കാത്തതിനാൽ തടസം നേരിടുകയാണ്. ഫിഷറീസ് ഡിപ്പാർട്ട്മെന്റ് രണ്ടുലക്ഷം രൂപയാണ് വീട് നിർമ്മിക്കാൻ കൊടുക്കുന്നത്. CRZ ക്ലിയറൻസിന് കാലതാമസമുണ്ടാകുന്നതുമൂലം ഈ സ്കീമിൽ പണം അനുവദിച്ച ആളുകൾക്ക് വീട് നിർമ്മിക്കാൻ കഴിയുന്നില്ല. തീരദേശ പരിപാലന അതോറിറ്റി പുനഃസംഘടിപ്പിക്കുന്നതിനുള്ള കാലതാമസവും അതോറിറ്റിയുടെ ഫയലുകൾ തീർപ്പാക്കേണ്ട ശാസ്ത്രസാങ്കേതിക വകുപ്പിലേയും സംസ്ഥാന ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിലേയും ജീവനക്കാരുടെ കുറവാണ് ഈ അവസ്ഥയ്ക്ക് കാരണമെന്നാണ് ഞാൻ മനസിലാക്കുന്നത്. തീരദേശവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിൽ നൽകിയിരിക്കുന്ന നിവേദനങ്ങളിലും ഇതുവരെ ഒരു തീരുമാനമെടുത്തതായി കാണുന്നില്ല. കേന്ദ്ര സർക്കാർ ഈ പരിധി വെട്ടിക്കുറിച്ചിട്ടില്ല. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം

രൂപീകരിച്ച ഡോ. ശൈലേഷ് നായിക് കമ്മിറ്റിയുടെ റിപ്പോർട്ടും കേന്ദ്രസർക്കാർ അംഗീകരിച്ച് നടപ്പിലാക്കിയിട്ടില്ല. CRZ വിജ്ഞാപനത്തിൽ ആവശ്യമായ ഇളവുകൾ ലഭിക്കാത്തത് പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമാക്കുകയാണ്. സംസ്ഥാന തീരദേശ പരിപാലന അതോറിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ അടിയന്തരമായി നടപടി സ്വീകരിക്കണം. വീടുവയ്ക്കുന്നതിനുവേണ്ടിയുള്ള ദൂരം കടൽകരയിൽ നിന്നും 50 മീറ്ററായി ചുരുക്കുകയും കായൽകരയിൽ നിന്നും 50 മീറ്ററായി ചുരുക്കുകയും ചെയ്യാം. കായൽകരയിൽ 50 മീറ്റർ പോര അവിടെ പൂർണ്ണമായും എവിടെയാണോ ഇപ്പോൾ വീട് നിൽക്കുന്നത്... കായൽ കരയിൽ 50 മീറ്ററാക്കിയാൽ ആളുകൾക്ക് വീടുവയ്ക്കാൻ കഴിയില്ല. 2011 ജൂൺ 2-ാം തീയതിക്കുശേഷംമാത്രം അഞ്ഞൂറോളം അപേക്ഷകൾ ലഭിച്ചുവെന്നാണ് മനസിലാക്കുന്നത്. ഇതിൽ പകുതിയിലധികവും ഒരു വർഷം മുതൽ ആറ് മാസം മുമ്പുവരെ ലഭിച്ച അപേക്ഷകളാണ്. കെട്ടിക്കിടക്കുന്ന അപേക്ഷകളിൽ ഏറിയപങ്കും സാധാരണക്കാരുടേയും മത്സ്യത്തൊഴിലാളികളുടേയും അപേക്ഷകളാണ്. അപേക്ഷയുടെ മുൻഗണന നോക്കി തീർപ്പാക്കാനുള്ള സംവിധാനം ഇപ്പോൾ നിലവിലില്ല.

<u>മി. ചെയർമാൻ</u>: അങ്ങ് ചുരുക്കിപറയണം. മൂന്ന് മിനിറ്റ് കഴിഞ്ഞു.

<u>ശ്രീ. ടി. എൻ. പ്രതാപൻ</u>: അപേക്ഷകളിന്മേൽ  സയൻസ് ആന്റ് ടെക്നോളജി കൗൺസിലാണ് നിലവിൽ ഉപദേശങ്ങൾ നൽകേണ്ടത്. കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ കാലാവധി മൂന്ന് വർഷത്തേയ്ക്കാണ്, എന്നാൽ ആ അതോറിറ്റിയുടെ കാലാവധി 20.12.2014-ൽ  അവസാനിച്ചു. ഗവൺമെന്റ് ഒരുവർഷം കൂടി കാലാവധി നീട്ടിക്കൊടുത്തിരിക്കുകയാണ്. ലഭിക്കുന്ന അപേക്ഷകളുടെ ബാഹുല്യം കണക്കിലെടുത്ത്, കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി, ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കുടക്കീഴിൽനിന്നു പ്രവർത്തിച്ചാൽ സാധാരണക്കാരുടെ അപേക്ഷകളിന്മേൽ തീർപ്പുകൽപ്പിക്കാൻ വളരെയധികം കാലതാമസം നേരിടേണ്ടിവരും. അതുകൊണ്ട് അതോറിറ്റിയെ ഒരു  സ്വതന്ത്ര സ്ഥാപനമാക്കി  മാറ്റുന്നതിനും പ്രത്യേക ചെയർമാനേയും മെമ്പർ സെക്രട്ടറിയേയും നിയമിക്കുന്നതിനും ഭരണസൗകര്യങ്ങൾ ഒരുക്കുന്നതിനും അതോറിറ്റിയുടെ പ്രവർത്തനം സുഗമമാക്കുന്നതിനും  അടിയന്തര നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): സർ, ബഹുമാനപ്പെട്ട അംഗം  ഉന്നയിച്ചത് വളരെ പ്രാധാന്യമുള്ള ഒരു പ്രശ്നമാണ്. കേരളത്തിന്റെ തീരപ്രദേശങ്ങളെ ആകെ ബാധിക്കുന്ന ഒരു പ്രശ്നമാണ്.  10 ജില്ലകളിലെയും 198 പഞ്ചായത്തുകളിലെയും 24

മുനിസിപ്പാലിറ്റികളിലെയും 4 കോർപ്പറേഷനുകളിലെയും 70 നിയോജകമണ്ഡലങ്ങളിലെയും ഉൾനാടൻ ജലാശയങ്ങളുൾപ്പെടെയുള്ള തീരപ്രദേശങ്ങൾ ഇതിന്റെ പരിധിയിൽ വരും. ഭവനനിർമ്മാണത്തിന് തടസങ്ങളുണ്ടാകുന്നുവെന്നുപറഞ്ഞത് ഞാൻ അഡ്മിറ്റ് ചെയ്യുകയാണ്. അതുപോലെ വളരെയധികം കാലതാമസവുമുണ്ടാകുന്നുമുണ്ട്. അതിലുപരി, കേന്ദ്ര നിയമത്തിൽ വന്നിട്ടുള്ള പിശകുകൾ, അതിന്റെ പോരായ്മകൾ വളരെ ഗുരുതരമാണ്. അത് മാറ്റിയെടുക്കാൻ ശ്രമിക്കണം. നമ്മൾ എല്ലാ നിർമ്മാണത്തിനും ഇളവ് ആവശ്യപ്പെടുന്നില്ല. പക്ഷേ തദ്ദേശവാസികളായിട്ടുള്ളവരുടെ വീട് നിർമ്മാണത്തിനും അവ പുതുക്കി പണിയുന്നതിനും ഇളവുകൾ കിട്ടിയേ മതിയാകൂ. ഇല്ലെങ്കിൽ ആ പ്രദേശത്തെ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഇനിയും കൂടും. അതുസംബന്ധിച്ച് ഗവൺമെന്റ് ചില നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. 100 ചതുരശ്രമീറ്റർ വരെ വിസ്തീർണ്ണമുള്ള വീടുകൾ കടൽക്കരയിൽനിന്ന് നൂറ് മീറ്റർ വിട്ടുമാത്രമേ പണിയാവൂ എന്നുള്ളത് 50 മീറ്ററായി കുറയ്ക്കണം. വൻകിടകെട്ടിടങ്ങൾക്ക് ഇതുപോലുള്ള സൗജന്യങ്ങളൊന്നും ചോദിക്കുന്നില്ല. പക്ഷേ അമ്പത് മീറ്റർ വിട്ടുപണിയാനുള്ള അനുമതി വേണം. മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളായതിനാൽ കാലതാമസമൊഴിവാക്കേണ്ടതാണ്. അതിനാൽ ഈ

അപേക്ഷകളെല്ലാം തിരുവനന്തപുരത്തുകൊണ്ടുവന്ന് ബന്ധപ്പെട്ട സമിതി അതിന്മേൽ തീരുമാനമെടുക്കുക എന്നുപറയുന്നത് വളരെ ബുദ്ധിമുട്ടും കാലതാമസവുമുണ്ടാക്കുന്ന കാര്യമാണ്. ഇതൊക്കെ കണക്കിലെടുത്ത് 100 ചതുരശ്രമീറ്റർ വരെ വിസ്തീർണ്ണമുള്ള വീടുകൾക്ക് അനുമതി കൊടുക്കാനുള്ള അവകാശം ജില്ലകളിലേയ്ക്ക് കൊടുക്കണം. നിലവിൽ ജില്ലാ കളക്ടർമാർ ചെയർമാൻമാരായിട്ടുള്ള ഒരു സമിതിയുണ്ട്. ആ സമിതിക്ക് മോണിറ്ററിംഗ് പവർ മാത്രമേയുള്ളൂ, മറ്റ് അധികാരങ്ങളൊന്നുമില്ല. അവർക്ക് അധികാരങ്ങൾ കൊടുക്കണം. ചെറിയ വീടുകൾ പണിയുന്നതിനുള്ള അനുമതിക്കായി തിരുവനന്തപുരത്തേയ്ക്ക് വരേണ്ട കാര്യമേയില്ല. ഇക്കാര്യം സംസ്ഥാന ഗവൺമെന്റ് ശക്തമായി ആവശ്യപ്പെടുകയാണ്. അതുപോലെ മറ്റൊരു നിബന്ധന, വീട് പുതുക്കിപണിയണമെങ്കിലും നിലവിലുള്ള വിസ്തീർണ്ണത്തിൽ നിന്നും ഒരടിപോലും വർദ്ധിപ്പിക്കാൻ സാധിക്കില്ലെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പക്ഷേ അതും ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യമാണ്. നിലവിലുള്ള വീടുകൾ പുതുക്കിപ്പണിയുമ്പോൾ പുതിയ വീടുകൾക്ക് കൊടുക്കുന്ന പരിധി, അതായത് 100 ചതുരശ്രമീറ്റർ വരെയെങ്കിലും വർദ്ധിപ്പിക്കാനുള്ള അവകാശം കൊടുക്കണം. ഇന്ന് കെട്ടിടങ്ങളുടെ പുനർനിർമ്മാണം നിലവിലുള്ള അളവിൽ മാത്രമേ ചെയ്യാൻ സാധിക്കൂ. അത് മാറ്റിക്കൊടുക്കണമെന്നുള്ളതാണ് മറ്റൊരാവശ്യം. വളരെ വിശദമായ

ഒരു നിവേദനം 10.02.2013-ൽ കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചു. അതിന്റെയടിസ്ഥാനത്തിൽ കേന്ദ്രഗവൺമെന്റ് ഡോ. ശൈലേഷ് നായികിന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയെ നിയോഗിച്ചു. ആ കമ്മിറ്റി 2014 ആഗസ്റ്റിൽ ഇവിടെ വരികയും നമ്മുടെ വാദഗതികളെല്ലാം കേൾക്കുകയും ചെയ്തു. അതിനകത്ത് ന്യായമുണ്ടെന്ന് നമ്മളോടുതന്നെ സമ്മതിച്ച് അവർ റിപ്പോർട്ട് തയ്യാറാക്കി കൊടുത്തിട്ടുണ്ട്. ആ റിപ്പോർട്ട് നമുക്കനുകൂലമാകുമെന്നാണ് കരുതുന്നത്. എത്രയുംവേഗം കമ്മിറ്റിയുടെ റിപ്പോർട്ട് പ്രസിദ്ധീകരിക്കാനും അതിന്റെ നല്ലവശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് അവ നടപ്പിലാക്കണമെന്നും കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെടും. ബഹുമാനപ്പെട്ട മെമ്പർ കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആന്റ് എൻവയോൺമെന്റിലെ (KSCSTE) ജീവനക്കാരുടെ കുറവിനെക്കുറിച്ച് പറഞ്ഞു. KSCSTE-യിലും KCZMA-യിലും ജീവനക്കാരുടെ കുറവുണ്ട്. ഞാൻ സമ്മതിക്കുന്നു. ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ച് കാര്യക്ഷമതയോടുകൂടി പ്രവർത്തിക്കാനുള്ള അന്തരീക്ഷം അവിടെയുണ്ടാക്കും. അതിനേക്കാൾ കൂടുതൽ ഇളവുകൾ കേന്ദ്രത്തിൽനിന്നും ലഭിക്കുക എന്നതും ജില്ലാ കമ്മിറ്റികൾക്ക് അധികാരം കൊടുക്കുക എന്നുള്ളതുമാണ് ഏറ്റവും പ്രധാനപ്പെട്ട രണ്ട് കാര്യങ്ങൾ. അതിനുവേണ്ടി തുടർന്നും ശ്രമിക്കും.

## വല്ലാർപാടം കണ്ടെയ്നർ, കൊച്ചി തുറമുഖം എന്നിവയുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കൽ

ശ്രീ. ബെന്നി ബെഹനാൻ: സർ, വല്ലാർപാടം കണ്ടെയ്നർ, കൊച്ചി തുറമുഖം എന്നിവയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുകയും അവിടുത്തെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യണമെന്നതാണ് എന്റെ സബ്മിഷൻ. മദർഷിപ്പുകൾക്ക് കടന്നുവരാൻ നിലവിലുള്ള കൊച്ചി തുറമുഖം അപര്യാപ്തമാണെന്ന് കണ്ടുകൊണ്ടാണ് വല്ലാർപാടം കണ്ടെയ്നർ അസൂത്രണം ചെയ്ത് നടപ്പിലാക്കിയത്. ഇപ്പോൾ വെളുക്കാൻ തേച്ചത് പാണ്ടായതുപോലെയായി. വല്ലാർപാടം കണ്ടെയ്നർ വന്നപ്പോൾ ഉണ്ടാക്കിയ എഗ്രിമെന്റ് പ്രകാരം വല്ലാർപാടം ടെർമിനലിന്റെ പ്രവർത്തനവും നടക്കുന്നില്ല, നിലവിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന കൊച്ചിൻ പോർട്ടിന്റെ പ്രവർത്തനവും നിലച്ചിരിക്കുകയാണ്. അതിന്റെ പ്രധാനപ്പെട്ടൊരു കാര്യം എഗ്രിമെന്റാണ്. വല്ലാർപാടം ടെർമിനൽ വന്നപ്പോൾ കുറഞ്ഞത് പത്ത് ലക്ഷം കണ്ടെയ്നർ എങ്കിലും വരുമെന്നാണ് പ്രതീക്ഷിച്ചത്. മൂന്നര ലക്ഷം കണ്ടെയ്നർ മാത്രമേ ഇപ്പോൾ വരുന്നുള്ളൂ. ഏതൊരു എഗ്രിമെന്റ് വയ്ക്കുമ്പോഴും ഒരു മിനിമം ഗ്യാരന്റി ത്രൂഔട്ട് വേണമായിരുന്നു. ഇവിടെ മിനിമം ഗ്യാരന്റി ത്രൂഔട്ടില്ലാത്തതുകൊണ്ടും കണ്ടെയ്നറുകളുടെ എണ്ണം കുറയുന്നതുകൊണ്ടും വല്ലാർപാടം ടെർമിനലിനെ മാത്രമല്ല കൊച്ചിതുറമുഖത്തെ കൂടി ബാധിക്കുകയാണ്. അതുകൊണ്ട്

നിലവിലുള്ള എഗ്രിമെന്റ് റിന്യൂ ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ബഹുമാന്യനായ അടൽ ബിഹാരി വാജ്പേയ് ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്നപ്പോഴാണ് നിലവിലുള്ള എഗ്രിമെന്റ് ഉണ്ടാക്കിയത്. വലിയ മദർഷിപ്പുകൾ കടന്നുവരുന്നതിനുവേണ്ടി കപ്പൽ ചാനൽ ആഴംകൂട്ടി ഡ്രെഡ്ജ് ചെയ്യുന്നതിനുള്ള ഉത്തരവാദിത്തം കൊച്ചിൻ പോർട്ടിനെയാണ് ഏൽപ്പിച്ചിരുന്നത്. ഇതിനായി ചുരുങ്ങിയത് 110 കോടി രൂപ ഒരു വർഷം വേണം. എന്നാൽ ഈ വരുമാനം ഇന്ന് കൊച്ചിൻ പോർട്ടിനില്ലാത്തതിനാൽ അവിടെ മദർഷിപ്പുകൾക്ക് വരാൻ സാധിക്കുന്നില്ല. ഈ ചാനൽ ഇപ്പോൾ കൊച്ചിൻ പോർട്ടും വല്ലാർപാടം ടെർമിനലും മാത്രമല്ല ഉപയോഗിക്കുന്നത്. കൊച്ചിൻ ഷിപ്പ്‌യാർഡ്, കോസ്റ്റ് ഗാഡ്, ഇൻഡ്യൻ നേവി, കൊച്ചിൻ റിഫൈനറി എന്നിവയും ഉപയോഗിക്കുന്നുണ്ട്. 110 കോടി രൂപയുടെ ഈ ബാധ്യത കൊച്ചിൻ പോർട്ടിന്റെ മാത്രം തലയിൽ വയ്ക്കാതെ ഈ ചാനൽ ഉപയോഗിക്കുന്ന മറ്റ് ഏജൻസികളെ കൊണ്ടുകൂടി അത് ഷെയർ ചെയ്യിക്കാൻ തീരുമാനിച്ചാൽ ഇതിന് കുറച്ചുകൂടി വ്യക്തതയുണ്ടാകും. ശ്രീ. എ. കെ. ആന്റണി കേന്ദ്രമന്ത്രിയായിരുന്നപ്പോൾ ഇതിനുവേണ്ടിയുള്ള പ്രൊപ്പോസൽ കൊടുത്തിരുന്നു, പരിഗണിക്കാമെന്നും പറഞ്ഞിരുന്നു. മൂന്നര ലക്ഷം കണ്ടെയ്നറാണ് ഇന്ന് ഷിപ്പിംഗ് കോർപ്പറേഷൻ കൊളംബോ പോർട്ടിൽ ഏൽപ്പിക്കുന്നത്.

അതിനുപകരം അത് വല്ലാർപാടം ടെർമിനലിനെ ഏൽപ്പിച്ചാൽ കുറച്ചുകൂടി സുഗമമാക്കാൻ കഴിയും. 1936, ബ്രിട്ടീഷ് ഗവൺമെന്റിന്റെ കാലം മുതൽ കൊച്ചിൻ പോർട്ടിന് കടം കൊടുത്തിട്ടുണ്ട്. 226 കോടി രൂപയാണ് കടം കൊടുത്തിരിക്കുന്നത്. ഇപ്പോൾ ഗവൺമെന്റ് ഓഫ് ഇൻഡ്യക്ക് ഇതിന്റെ പലിശയും പിഴപ്പലിശയും ചേർത്ത് 1236 കോടി രൂപ തിരിച്ചടയ്ക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. ഇതിൽ ഇളവുവരുത്താൻ ഗവൺമെന്റ് ഓഫ് ഇൻഡ്യ തീരുമാനിച്ചാൽ, ചുരുങ്ങിയത് കൊച്ചിൻ പോർട്ടിന് ഓവർ ഡ്രാഫ്റ്റ് എങ്കിലും എടുക്കാം. നാഷണൽ ഹൈവേയ്ക്ക് ഇന്ന് സെൻട്രൽ ഗവൺമെന്റ് അസിസ്റ്റൻസ് കൊടുക്കുന്നുണ്ട്. മറ്റൊരു കാര്യം, വല്ലാർപാടത്തേയ്ക്ക് വരുന്ന കണ്ടെയ്നറുകൾക്ക് ഒരുപാട് തടസ്സങ്ങളുണ്ട്. നമ്മുടെ പ്രൊഡക്ഷൻ സെന്റർ എന്നുപറയുന്നത് കോയമ്പത്തൂരും കർണ്ണാടകവുമാണ്. കോയമ്പത്തൂരിൽ ഉത്പാദിപ്പിക്കുന്ന വസ്തുക്കൾ തൂത്തുക്കുടി പോർട്ടിലേയ്ക്ക് പോകണമെങ്കിൽ അവിടെ ചെക്ക് പോസ്റ്റില്ലാത്തതുകൊണ്ട് അവർക്ക് വേഗം എത്താൻ സാധിക്കും. വാളയാർ ചെക്ക്പോസ്റ്റ് ഉണ്ടാക്കുന്ന കാലതാമസം കാരണം കണ്ടെയ്നറുകൾ ഇങ്ങോട്ട് വരുന്നില്ല. ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി ശ്രദ്ധിക്കണം. ഇരുപത്തിയൊന്നു ടൺ മാത്രമേ കണ്ടെയ്നറുകളിൽ കയറ്റാൻ പാടുള്ളൂ. ഒരു കണ്ടെയ്നറിൽ 25 ടൺ വരെ കയറ്റി നമ്മൾ ഫൈൻ അടയ്ക്കുകയാണ്. തമിഴ്നാട്

തുറമുഖത്തേയ്ക്ക് പോകുന്ന കണ്ടെയ്നറുകൾ അവിടത്തെ ഗവൺമെന്റ് ഫ്രീ ആക്കി വിട്ടിരിക്കുകയാണ്. തമിഴ്നാട്ടിൽ റോഡ് ടാക്സ് 6000 രൂപയും ഇവിടെ 12000 രൂപയുമാണ്. ഗവൺമെന്റിന്റെ റോഡ് ടാക്സും, ട്രാൻസ്പോർട്ടേഷൻ ചാർജ്ജും, ചെക്ക്പോസ്റ്റിനുള്ള കാലതാമസവും കാരണം കണ്ടെയ്നറുകൾ വല്ലാർപാടം ടെർമിനലിൽ വരാൻ കാലതാമസമുണ്ടാകുന്നു. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥന്മാരുടെയും, കേന്ദ്രഗവൺമെന്റ് പ്രതിനിധികളുടെയും ജനപ്രതിനിധികളുടെയും സാന്നിധ്യത്തിൽ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി ഇത്തരം പ്രശ്നങ്ങൾക്ക് അടിയന്തരമായി പരിഹാരം നിർദ്ദേശിക്കണമെന്ന് വിനയപുരസ്സരം അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ബെന്നി ബെഹനാൻ വല്ലാർപാടം ഇന്റർനാഷണൽ ട്രാൻസ്ഷിപ്പ്മെന്റ് കണ്ടെയ്നർ ടെർമിനലിനെക്കുറിച്ചിവിടെ പറഞ്ഞത് ഗവൺമെന്റിന്റെ ശ്രദ്ധയിലുള്ള കാര്യമാണ്. നമ്മൾ വലിയ പ്രതീക്ഷയോടുകൂടിയാണ് തുടക്കത്തിൽ വല്ലാർപാടം പോർട്ടിന്റെ വികസനത്തെ കണ്ടത്. പക്ഷെ നമ്മുടെ പ്രതീക്ഷയ്ക്കൊത്ത് മുന്നോട്ടുപോകുന്നതിന് സാധിക്കാതെ വന്നിരിക്കുന്നു. അത് കാര്യക്ഷമതയോടുകൂടി മുമ്പോട്ടുകൊണ്ടുപോകുന്നതിന് പരമാവധി ശ്രമിക്കും. ഇപ്പോൾ അതിന്റെ

മൂന്നിലൊന്ന് കപ്പാസിറ്റി മാത്രമെ ഉപയോഗിക്കാൻ സാധിച്ചിട്ടുള്ളൂ. അതുകൊണ്ടുതന്നെ റവന്യൂ കമ്മിയിലേയ്ക്ക് വന്നു. ഈ സാഹചര്യത്തിലെങ്ങനെ മെച്ചപ്പെടുത്താൻ സാധിക്കുമെന്നതിനെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരിക്കുകയാണ്. പോർട്ട് ട്രസ്റ്റ് മാത്രമല്ല സംസ്ഥാന ഗവൺമെന്റും കേന്ദ്രഗവൺമെന്റിനെ സമീപിച്ചു. അവിടുത്തെ ഡ്രഡ്ജിങ്ങിന് പ്രതിവർഷം ആവശ്യമായിട്ടുള്ള വലിയ തുക താങ്ങാൻ ഇന്നത്തെ സാഹചര്യത്തിൽ ഈ പോർട്ടിന് സാധിക്കുന്നില്ല. അതുകൊണ്ട് മൂന്നുവർഷത്തേയ്ക്ക് ഡ്രഡ്ജിങ്ങിനുള്ള സബ്സിഡി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. മറ്റൊരു പ്രധാന പ്രശ്നം, തമിഴ്നാട്, ബാംഗ്ലൂർ എന്നിവിടങ്ങളിലേയ്ക്ക് റീഗ്യാസിഫൈഡ് LNG എത്തിക്കുന്നതിനായി കൊച്ചി തുറമുഖത്തെ 5 മില്ല്യൺ ടൺ കപ്പാസിറ്റിയുള്ള LNG ടെർമിനൽ 2013 ഡിസംബറിൽ പ്രവർത്തനം ആരംഭിച്ചതാണ്. പക്ഷെ കൊച്ചിയിൽ മാത്രമല്ല മറ്റു സ്ഥലങ്ങളിലുമൊക്കെ പൈപ്പിടുന്നതിനുള്ള എതിർപ്പ് ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുകയാണ്. ഈ LNG ടെർമിനലിന്റെ പ്രവർത്തനം സജീവമാക്കാൻ കഴിഞ്ഞാൽ അതും ഈ പോർട്ടിന് വലിയൊരു സഹായകരമായിത്തീരുമെന്ന കാര്യത്തിൽ സംശയമില്ല. 400 കോടി രൂപയുടെ സാമ്പത്തിക സഹായം പോർട്ട് ട്രസ്റ്റിന് അടിയന്തരമായി നൽകണമെന്ന്

ആവശ്യപ്പെട്ടുകൊണ്ട് ഞാൻ കത്തയച്ചിട്ടുണ്ട്. അതിനുവേണ്ടി ഫോളോ അപ്പ് ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ മറ്റൊരു കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ട്. ഞാൻ വല്ലാർപാടം പോർട്ടിന്റെ സി.ഇ.ഒ.യുമായി സംസാരിച്ചു. ഉടൻതന്നെ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടാമെന്ന് സമ്മതിച്ചിട്ടുണ്ട്. അത് കണ്ടെയ്നർ ഇങ്ങോട്ടുവരുന്നതിന് സഹായകരമല്ലാത്ത പല ഘടകങ്ങളും അവിടെ പ്രവർത്തിക്കുന്നു എന്നറിഞ്ഞതുകൊണ്ടാണ്. ഒന്ന്, ചെക്ക്പോസ്റ്റുകളിലെ പരിശോധന വളരെയെറെ ബുദ്ധിമുട്ടുകളുണ്ടാക്കുന്നു. പരിശോധിക്കാതിരിക്കാനാകില്ല. പക്ഷേ അതിന് അത്യാധുനിക സൗകര്യങ്ങളുള്ള ഉപകരണങ്ങൾ ഉപയോഗിച്ച് പരിശോധനയുടെ ബുദ്ധിമുട്ട് ഒഴിവാക്കത്തക്കവിധത്തിലുള്ള സ്കാനറുകളും മറ്റും ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, റോഡ് നിയമങ്ങൾ നടപ്പിലാക്കുന്നതിലുള്ള അപാകതകൾ ചൂണ്ടികാണിക്കുക തുടങ്ങിയവ ചർച്ച ചെയ്യുന്നതിന് ഗതാഗത വകുപ്പുമന്ത്രിയും മറ്റുദ്യോഗസ്ഥരും ഇതുമായി ബന്ധപ്പെട്ടിട്ടുള്ള മറ്റെല്ലാ മേഖലയിലുള്ളവരുമായി കോൺഫറൻസ് വിളിച്ചുകൂട്ടി കാര്യമായിട്ടുള്ള ഒരു പരിഗണന ഇവിടെ ഉന്നയിച്ച പ്രശ്നങ്ങൾക്ക് ഉണ്ടാകും എന്ന് ഉറപ്പ് പറയുന്നു.

<u>കച്ചവടക്കാർ നേരിടുന്ന പ്രതിസന്ധി</u>

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, ഗുരുവായൂർ ദേവസ്വം ഒരു ക്യൂ കോംപ്ലക്സ്

നിർമ്മിക്കുന്നുണ്ട്. 120 കോടി രൂപയുടെ ഒരു പ്രോജക്ടാണെന്ന് പറയുന്നു. അമ്പതുവർഷത്തിലേറെയായി അവിടെ കച്ചവടം നടത്തുന്ന ധാരാളം ചെറുകിട കച്ചവടക്കാരെ ഒഴിപ്പിച്ചുകൊണ്ടാണ് ക്യൂ കോംപ്ലക്സ് നിർമ്മിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ചില തർക്കങ്ങൾ അവിടുത്തെ വ്യാപാരികളും ദേവസ്വം അധികൃതരും തമ്മിൽ നിലനിൽക്കുന്നുണ്ട്. ഈ പ്രശ്നം ചർച്ച ചെയ്ത് പരിഹരിക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് ഞാൻ രണ്ടുതവണ നിവേദനം നൽകിയിരുന്നു. ഞാനും ശ്രീ. പി. എ. മാധവനും സംയുക്തമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെകണ്ടും ഈ ആവശ്യം ഉന്നയിച്ചിരുന്നു. ഒരു യോഗം വിളിച്ചുചേർക്കാമെന്ന് അദ്ദേഹം പറഞ്ഞിരുന്നതുമാണ്. എന്നാൽ ഈ തർക്കം പരിഹരിക്കുന്നതിനായി ഒരു യോഗം വിളിച്ചുചേർക്കാൻ ബഹുമാനപ്പെട്ട മന്ത്രി ഇതുവരെ തയ്യാറായിട്ടില്ല. ഇത്തരത്തിലൊരു തർക്കം നിലനിർത്തിക്കൊണ്ട് ഗുരുവായൂർ പോലുള്ളൊരു സ്ഥലത്ത് നിർമ്മാണപ്രവർത്തനം നടത്തുന്നതിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽപ്പെടുത്തുകയാണ്. അതുകൊണ്ട് ഈ തർക്കം പരിഹരിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു യോഗം വിളിച്ചുചേർക്കണമെന്ന ആവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ കെ. വി. അബ്ദുൾഖാദർ ഇക്കാര്യം എന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അവിടെ ക്യൂ കോംപ്ലക്സിന്റെ നിർമ്മാണം വർഷങ്ങളായി ഉയർന്നുവന്നിട്ടുള്ള ഒരാവശ്യമാണ്. അത് ആരംഭിക്കുന്നതിനുമുമ്പ് അവിടത്തെ വ്യാപാരികളുമായി ചർച്ച ചെയ്ത് അവർക്കുള്ള ആശങ്കകൾ കൂടി ഒഴിവാക്കണം എന്ന ആവശ്യം ശ്രീ. കെ. വി. അബ്ദുൾ ഖാദറും ശ്രീ. പി. എ. മാധവനും പറഞ്ഞിരുന്നു. ഞാൻ വകുപ്പുമന്ത്രിയുമായും ഗുരുവായൂർ ദേവസ്വം ബോർഡ് പ്രസിഡന്റുമായും ഇക്കാര്യം സംസാരിച്ചു. എത്രയുംവേഗം ഈ തർക്കം പരിഹരിക്കുന്നതിനായി ഒരു കോൺഫറൻസ് വിളിച്ചുകൂട്ടുന്നതാണ്.

## ശമ്പളക്കമ്മീഷൻ റിപ്പോർട്ടിലെ അപാകത

ശ്രീ. കെ. എൻ. എ. ഖാദർ: സർ, പത്താം ശമ്പളക്കമ്മീഷൻ ശിപാർശകൾ പൊതുവെ ജീവനക്കാർക്ക് ഏറ്റവും പ്രയോജനം ചെയ്യുന്നതാണെങ്കിലും ധാരാളം അപാകതകളും അതിൽ കടന്നുകൂടിയിട്ടുണ്ട്. ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ കൂട്ടത്തിൽ ജൂനിയർ, സീനിയർ തസ്തികകൾ തമ്മിലുള്ള സാമ്പത്തികമായ അന്തരം ഏതാണ്ട് 7000 രൂപയുടേതാണ്. ഒരേ യോഗ്യതയുള്ളവരും ഒരേ ജോലി ചെയ്യുന്നവരുമായ അദ്ധ്യാപകർക്കിടയിൽ വേതനത്തിൽ ഇത്ര ഭീമമായ വ്യത്യാസം സൃഷ്ടിക്കുന്നത് അനീതിയാണ്. 'തുല്യജോലിക്ക് തുല്യ വേതനം' എന്ന ഭരണഘടനാ സങ്കൽപ്പങ്ങൾക്ക് ഇത് വിരുദ്ധവുമാണ്. പ്രൊഫ. ലബ്ബാ കമ്മീഷൻ റിപ്പോർട്ട് ഉടൻ

നടപ്പിലാക്കി അഞ്ചുവർഷം പൂർത്തിയാക്കിയ എല്ലാ ജൂനിയർ അദ്ധ്യാപകർക്കും സീനിയർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകുവാനുള്ള നടപടികളും ഉടൻ സ്വീകരിക്കണം. ശമ്പളക്കമ്മീഷൻ ശിപാർശയിലെ അപാകതകൾ ചർച്ച ചെയ്ത് പരിഹരിക്കുകയും ഹയർ സെക്കണ്ടറിയിലെ ജൂനിയർ, സീനിയർ അദ്ധ്യാപകരുടെ നിലവിലുള്ള വേതനത്തിലെ അന്തരം കുറയ്ക്കുകയും ചെയ്യണമെന്ന ആവശ്യം ഞാൻ ഉന്നയിക്കുകയാണ്. അതേ സമയം ജീവനക്കാരുടെ സംഘടനകളുമായി കൂടിയാലോചിച്ച് ശമ്പളക്കമ്മീഷൻ ശിപാർശകളിലെ മറ്റ് അനോമലികൾക്കും അതിവേഗം പരിഹാരം കാണേണ്ടതാണ്. അഞ്ചുവർഷത്തിലൊരിക്കൽ ശമ്പളപരിഷ്കരണം ഏർപ്പെടുത്തുന്നതിനുപകരം പത്തുവർഷത്തിലൊരിക്കൽ മതിയെന്നാണ് പത്താം ശമ്പളക്കമ്മീഷന്റെ ഒരു ശിപാർശ. ഇന്നത്തെ പ്രത്യേകമായ സാഹചര്യത്തിൽ യാതൊരു വിധത്തിലും അങ്ങനെയൊരു നടപടി സ്വീകരിക്കരുത്. ഇതിൽ പ്രധാനമായ ഒരു സാമ്പത്തിക അന്തരം ഹയർ സെക്കണ്ടറി ജൂനിയർ, സീനിയർ അദ്ധ്യാപകർക്കിടയിലുണ്ട്. അത്രയും അന്തരം ഉണ്ടാകാൻ പാടില്ല. ഒരേ ജോലി ചെയ്യുന്നവരും ഒരേ യോഗ്യതയുള്ളവരും ഒരേ സ്ഥാപനത്തിൽ ജോലി ചെയ്യുന്നവരുമായ ഇവരെ രണ്ടായി തിരിച്ച് അവരുടെ ശമ്പളത്തിൽ ഏഴായിരം രൂപയുടെ വ്യത്യാസം വരുത്തുന്നത് വളരെ അപാകതയാണ്. ബഹുമാനപ്പെട്ട

മുഖ്യമന്ത്രി ഈ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ കൂടി സ്വീകരിക്കേണ്ടുന്ന ആവശ്യകതയിലേക്ക് ഞാൻ അങ്ങയുടെ ശ്രദ്ധക്ഷണിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, പത്താം ശമ്പളപരിഷ്കരണ കമ്മീഷന്റെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഇതുവരെ വിശദമായ ഒരു ചർച്ച മന്ത്രിസഭയിൽ നടത്തിയിട്ടില്ല. റിപ്പോർട്ടിന്റെ ആദ്യഭാഗം മാത്രമാണ് തന്നിരിക്കുന്നത്. രണ്ടാംഭാഗം കൂടി ലഭിക്കാനുണ്ട്. നമ്മുടെ ജീവനക്കാരുടെ ഭരണരംഗത്തെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള അവരുടെ പങ്കിനെയും പങ്കാളിത്തത്തെയും കുറിച്ചുള്ള ഭാഗം ഉടൻതന്നെ നൽകുമെന്ന് പറഞ്ഞിട്ടുണ്ട്. മന്ത്രിസഭ ഇത് ചർച്ച ചെയ്തതിനുശേഷം ഒരു പ്രത്യേക പരിശോധന ഇതിനെക്കുറിച്ചുണ്ടാകും. അങ്ങനെയുള്ള അവസരത്തിൽ ശിപാർശകളിൽ വന്നിട്ടുള്ള അപാകതകൾ ചർച്ച ചെയ്യാനും തീരുമാനമെടുക്കാനും സാധിക്കും. ഏത് ശമ്പളപരിഷ്കരണം വന്നാലും അതിൽ അനോമലി കാണും. അത് പരിഹരിക്കുന്നതിനുവേണ്ടി ഒരു സംവിധാനം കൂടി ശിപാർശകൾ നടപ്പിലാക്കുന്നതോടൊപ്പം ചെയ്യേണ്ടതായിട്ടുണ്ട്. അത് ചെയ്യും എന്നുപറയാൻ ആഗ്രഹിക്കുന്നു.

## വിദ്യാഭ്യാസ വായ്പാ കുടിശ്ശിക

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഏറ്റവും ഗുരുതരമായ ഒരു പ്രശ്നമാണ് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. പൊതുമേഖലാ ബാങ്കായ എസ്.ബി.ടി. അവരുടെ വിദ്യാഭ്യാസ വായ്പയുടെ കുടിശ്ശിക പിരിച്ചെടുക്കാനുള്ള അധികാരം അനിൽ അംബാനിയുടെ റിലയൻസ് അസെറ്റ് റീകൺസ്ട്രക്ഷൻ കമ്പനിയെ ഏൽപ്പിച്ചിരിക്കുകയാണ്. 2009 മാർച്ച് 31 വരെയുള്ള വിദ്യാഭ്യാസ വായ്പയുടെ പലിശ കേന്ദ്രസർക്കാർ ഏറ്റെടുക്കുകയെന്ന യു.പി.എ. സർക്കാരിന്റെ തീരുമാനം അട്ടിമറിച്ചതിനുശേഷമാണ് ഈ രൂപത്തിൽ വിദ്യാഭ്യാസ വായ്പയുടെ കുടിശ്ശിക പിരിച്ചെടുക്കാൻവേണ്ടി അനിൽ അംബാനിയുടെ റിലയൻസിനെ എസ്.ബി.ടി. ചുമതലപ്പെടുത്തിയിരിക്കുന്നത്. 9370 കോടിരൂപയുടെ വിദ്യാഭ്യാസ വായ്പയിൽ ഏതാണ്ട് 100 കോടിരൂപ മാത്രമാണ് എൻ.പി.എ. ആയിട്ടുള്ളത്. ഏതാണ്ട് 264 കോടിരൂപ പിരിച്ചെടുക്കുന്നതിൽ 132 കോടിരൂപ റിലയൻസിന് അങ്ങോട്ട് കൊടുക്കുന്ന ഏർപ്പാടാണ്. ഇതംഗീകരിച്ചുകഴിഞ്ഞാൽ, വാഹനങ്ങളുടെ സി.സി. പിരിച്ചെടുക്കാൻവേണ്ടി വീടുകളിൽ ഗുണ്ടകൾ കയറിയിറങ്ങുന്നതുപോലെ, നിസ്സഹായരും നിരപരാധികളും സാധാരണക്കാരുമായ വിദ്യാഭ്യാസ വായ്പ എടുത്തിട്ടുള്ള കുട്ടികളുടെ കുടുംബത്തിലേക്ക് റിലയൻസ് ഏൽപ്പിക്കാൻ പോകുന്ന....

റിലയൻസിനെ എസ്.ബി.ടി. ഏൽപ്പിച്ചാൽ റിലയൻസ് പ്രാദേശികമായി ഇതിന്റെ സബ്കോൺട്രാക്റ്റ് കൊടുക്കാൻ പോകുന്നത് ലോക്കൽ ഗുണ്ടകൾക്കും ക്വട്ടേഷൻ സംഘങ്ങൾക്കുമായിരിക്കും. ഈ വിദ്യാഭ്യാസ വായ്പ എടുത്ത് കുടിശ്ശികയുള്ള കുട്ടികളുടെ കുടുംബങ്ങളിലേക്ക് ഈ ക്വട്ടേഷൻ സംഘങ്ങളും ഗുണ്ടകളുമൊക്കെ തുക പിരിക്കുന്നതിനായി കയറിയിറങ്ങുന്ന അതീവ ഗുരുതരമായ ഒരു സാമൂഹ്യപ്രശ്നം കേരളത്തിൽ ഉയർന്നുവരാൻ പോകുകയാണ്. അതുകൊണ്ട് നിലനിൽക്കുന്ന സമ്പ്രദായത്തെ അട്ടിമറിച്ചുകൊണ്ട്, തെരഞ്ഞെടുപ്പിൽ വിജയിക്കാൻ സഹായം ലഭിച്ച ഒരു കോർപ്പറേറ്റ് കുത്തകയ്ക്ക് കോടികൾ എത്തിച്ചുകൊടുക്കുന്ന ഒരു വലിയ ഗൂഢലക്ഷ്യത്തിന്റെയടിസ്ഥാനത്തിൽ പാവപ്പെട്ട വിദ്യാർത്ഥികളുടെ വീടുകളിലേക്ക് റിലയൻസ് ഏർപ്പെടുത്തുന്ന ഗുണ്ടകളെ അയയ്ക്കുന്ന ഈ സംവിധാനത്തെ അംഗീകരിക്കാൻ പാടില്ല. ആ ഗൗരവത്തോടുകൂടി ഇതിനെതിരായിട്ടുള്ള സമീപനം സഭയും സർക്കാരും സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പ്രകടിപ്പിച്ച വികാരത്തോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. 1969-ൽ ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായിരുന്ന കാലത്താണ് ബാങ്കുകൾ ദേശസാൽക്കരിച്ചത്. അതിന് ഒരു ദേശീയ കാഴ്ചപ്പാടുണ്ടായിരുന്നു, ഒരു സാമൂഹ്യമായ

കാഴ്ചപ്പാടുണ്ടായിരുന്നു. അതിന്റെ കടകവിരുദ്ധമായ സമീപനമാണ് ഇത്. ബാങ്ക് ദേശവൽക്കരണം കൊണ്ട് എന്താണോ ഉദ്ദേശിച്ചിരുന്നത് അതിൽനിന്നുള്ള പുറകോട്ടുപോക്കാണ് ഇപ്പോൾ ഉണ്ടായിരിക്കുന്നത്. ഇത് കേന്ദ്രഗവൺമെന്റ് അംഗീകരിക്കുമോ; അംഗീകരിക്കില്ല എന്നാണ് എന്റെ വിശ്വാസം. കാരണം ഇക്കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിലും ശ്രീ. അരുൺ ജയ്റ്റ്ലി പറഞ്ഞത് വിദ്യാഭ്യാസ വായ്പ കൂടുതൽ കാര്യക്ഷമതയോടുകൂടി നടപ്പിലാക്കുന്നതിന് പ്രത്യേക പദ്ധതി ഉണ്ടാക്കുന്നുവെന്നാണ്. പഠന വായ്പാ പലിശയുടെ പകുതി യു.പി.എ. ഗവൺമെന്റും ബാക്കി പകുതി സ്റ്റേറ്റ് ഗവൺമെന്റും ഏറ്റെടുത്തു. കേരളത്തിൽ വിദ്യാഭ്യാസ ലോണിന്റെ പലിശ കൊടുക്കാൻ യു.പി.എ. ഗവൺമെന്റ് തയ്യാറായി. ബാക്കി പകുതി കേരളാഗവൺമെന്റും കൊടുത്തു. അതിനെയൊക്കെ അട്ടിമറിച്ചുകൊണ്ട് ഇപ്പോൾ എടുത്തിട്ടുള്ള തീരുമാനം പ്രതിഷേധാർഹമാണ്. ഇത് ഒരുവിധത്തിലും അംഗീകരിക്കാൻ സാധ്യമല്ല. ഞാൻ പ്രധാനമന്ത്രിക്കും ശ്രീ. അരുൺ ജെയ്റ്റ്ലിക്കും ഈ സഭയുടെ പൊതുവികാരമായിത്തന്നെ കണക്കാക്കി കത്തയയ്ക്കും. അതിനുപുറമെ അനിൽ അംബാനിക്കും ഞാൻ കത്തയയ്ക്കും. അദ്ദേഹം സാമൂഹ്യമായ ഒരു കാഴ്ചപ്പാട് ഉൾക്കൊള്ളുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. 'കേരളത്തിലെ ജനങ്ങളുടെ കണ്ണീരിന്റെ ഒരു ആദായം, വരുമാനം ഏറ്റെടുക്കരുതെന്നും

ഇതിൽനിന്നും പിന്മാണമെന്നും' ആവശ്യപ്പെട്ട് കത്തെഴുതാൻ തയ്യാറാണ്. 136 കോടിരൂപയാണ് ഇന്ന് അവർക്ക് എൻ.പി.എ. ആയി വന്നിരിക്കുന്നത്. 9 കോടി രൂപയ്ക്കാണ് അത് കൊടുത്തിരിക്കുന്നത്. 9 കോടി രൂപ അടച്ചുകഴിയുമ്പോൾ 136 കോടിരൂപ പിരിച്ചെടുക്കാനുള്ള അവകാശം അവർക്ക് കൊടുക്കുകയാണ്. പിരിച്ചെടുക്കുന്നതിനനുസരിച്ച് 54 കോടിരൂപ കൂടി അവർക്ക് കൊടുക്കണം. 130 കോടിരൂപയുടെ എൻ.പി.എ. 63 കോടിരൂപയ്ക്ക് കരാറാക്കി 9 കോടിരൂപ വാങ്ങിക്കൊടുത്തിരിക്കുകയാണ്. ഇനി പണം കിട്ടുന്നതനുസരിച്ച് 15 കൊല്ലം കൊണ്ട് ഇവർ തിരിച്ചടച്ചാൽ മതിയാകും. ഈ സ്കീം ആരുണ്ടാക്കിയതാണ്; നമ്മുടെ ഇന്ത്യാരാജ്യത്താണോ ഇങ്ങനെയൊരു സ്കീം 2015-ൽ കൊണ്ടു വന്നതെന്ന് ഞാൻ സംശയിക്കുകയാണ്. ഇതിനോട് ഒരു വിധത്തിലും യോജിക്കില്ല. സംസ്ഥാന ഗവൺമെന്റ് അതിശക്തമായി ഇതിനെ എതിർക്കും. കേന്ദ്രഗവൺമെന്റിന്റെ അനുമതി അതിനുണ്ടാകും എന്നാണ് എന്റെ വിശ്വാസം.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഈ അഭിപ്രായം പ്രമേയമായി സഭയിൽ അവതരിപ്പിക്കുകയാണെങ്കിൽ ഏകകണ്ഠമായി അത് പാസ്സാക്കി അയയ്ക്കാം.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, പ്രതിപക്ഷവുമായി ആലോചിച്ച് പ്രമേയം

തയ്യാറാക്കി ഈ സെഷനിൽത്തന്നെ പാസ്സാക്കി നമുക്ക് അയച്ചുകൊടുക്കാം.

## എയർ ആമ്പുലൻസ്

മി. ചെയർമാൻ: ശ്രീ. എ. റ്റി. ജോർജ്ജും ഇതേ വിഷയത്തിൽ സബ്മിഷന് നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. ഷാഫി പറമ്പിൽ: സർ, കൂട്ടായ്മയിൽ കേരളം പുതിയൊരു ചരിത്രം കുറിക്കുകയാണ്. സാമൂഹിക പ്രവർത്തകനായ അഡ്വ. നീലകണ്ഠശർമ്മയും അദ്ദേഹത്തിന്റെ പ്രിയപത്നി ശ്രീമതി ലതാ നീലകണ്ഠശർമ്മയും അവരുടെ രണ്ട് പ്രിയ പുത്രൻമാരും പ്രാർത്ഥനയോടെ കഴിഞ്ഞിരുന്ന ശ്രീ. മാത്യൂ ആന്റണിയും കുടുംബവും ജീവതത്തിൽ 15-ാമത് ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് നേതൃത്വം നൽകിയ ഡോ. ജോസ് ചാക്കോ പെരിയപുറവും അദ്ദേഹത്തിന്റെ മെഡിക്കൽ ടീമും. ഡോക്ടറുടെ തന്നെ വാക്കുകൾ കടമെടുത്താൽ, 'രാത്രി 1.45-നും ഇതിനുവേണ്ട ഇടപെടലുകൾ നടത്താൻ സർവ്വസജ്ജമായിരുന്ന ഹൃദയവിശാലതയുള്ള ഭരണാധികാരിയായ കേരളത്തിന്റെ പ്രിയപ്പെട്ട മുഖ്യമന്ത്രി'. ഡോക്ടർ ആദ്യം ബന്ധപ്പെട്ട നമ്മുടെ സഹപ്രവർത്തകനായ ശ്രീ. ഹൈബി ഈഡൻ എം.എൽ.എ.യും ഇന്ത്യൻ നേവിയും അവരുടെ ടീമും ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള അഡ്മിനിസ്ട്രേഷനും 7 മിനിട്ട് 52 സെക്കന്റുകൊണ്ട് ലിസി ആശുപത്രിയിലേയ്ക്ക്

ഹൃദയത്തിന് വഴികാണിച്ച ശ്രീ. ജാക്സൺ എന്ന പോലീസ് ഡ്രൈവർ ഉൾപ്പടെയുള്ള പോലീസ് സേനയും വാഹനങ്ങൾ സൈഡിലൊതുക്കി പാർക്ക് ചെയ്ത സാധാരണക്കാരും കേരളത്തിന്റെ പ്രാർത്ഥനാനിർഭരമായ മനസ്സിലേയ്ക്ക് ഈ സംഭവം തൽസമയം എത്തിച്ച മാധ്യമങ്ങളും ആ ഹൃദയത്തോടൊപ്പം തങ്ങളുടെ പ്രാർത്ഥനയെ അയച്ച ലക്ഷക്കണക്കിന് മലയാളികളും ഉൾപ്പടെയുള്ള ഈ കൂട്ടായ്മയിൽ കേരളം ഒരൊറ്റ ഹൃദയമായി മാറുകയായിരുന്നു. അഡ്വ. നീലകണ്ഠശർമ്മയുടെ ഹൃദയം ശ്രീ. മാത്യു ആന്റണിയുടെ ഉള്ളിൽ മിടിക്കുമ്പോൾ അതിന് സാമ്പത്തിക സഹായം നൽകാൻ തയ്യാറായി കടന്നുവന്ന ഡോ. സിദ്ദിഖ് അഹമ്മദും മലയാളി മനസ്സിന്റെ നന്മയുടെ ഒരോർമ്മപ്പെടുത്തലായി മാറുകയായിരുന്നു മതം മനുഷ്യനെ വേർതിരിക്കാനുള്ളതല്ല എന്ന ഓർമ്മപ്പെടുത്തൽ. രണ്ട് കാര്യങ്ങൾ ഈ സഭയിൽ സബ്മിഷനായി ഉന്നയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഗവൺമെന്റിന്റെ കണക്ക് പ്രകാരം ആയിരത്തിലധികം പേർ വൃക്കയ്ക്കായി രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്നു. കരളിനായി 152 പേർ കാത്തിരിക്കുന്നു. ജീവനിൽ കൊതിയുള്ള 6 പേർ ഹൃദയത്തിനായി ഇന്ന് കാത്തിരിക്കുകയാണ്. ഈ സാഹചര്യത്തിൽ, ടി ട്രാൻസ്പ്ലാന്റേഷനുകൾ വിജയകരമായി നടക്കണമെങ്കിൽ എയർ ആമ്പുലൻസ് അനിവാര്യമായി മാറുകയാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. മൃതസഞ്ജീവനി

പദ്ധതി തുടങ്ങിയതിനുശേഷം 2012-ൽ 9 പേരാണ് നമ്മുടെ ദാതാക്കളായി കടന്നുവന്നത്. 2013-ൽ 36 പേരും 2014-ൽ 57 പേരും 2015-ൽ ഈ സമയമാകുമ്പോഴേയ്ക്കും ഏകദേശം 34 പേരും ഇതിന് തയ്യാറായി കടന്നുവന്നിരിക്കുകയാണ്. ഇതിന് സാങ്കേതികമായും ശാസ്ത്രീയമായും എല്ലാ സൗകര്യങ്ങളും ഒരുക്കിക്കൊടുക്കണമെങ്കിൽ എയർ ആമ്പുലൻസ് അനിവാര്യമാണെന്ന് ചർച്ചകളിലൂടെ ഉയർന്നുവരുന്നുണ്ട്. അതുസംബന്ധിച്ച് ബഹുമാന്യരായ മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും ഇവിടെ പറയുകയുണ്ടായി. അതിനോടൊപ്പംതന്നെ മറ്റൊരു പ്രധാനപ്പെട്ട കാര്യം, ദാതാക്കളായ കുടുംബത്തിന് സമൂഹത്തിന്റെയും ഗവൺമെന്റിന്റെയും ആദരം നൽകണം. ഓർഗൻ ഡൊണേറ്റ് ചെയ്യുന്നതിന്റെ നൊബിലിറ്റി വർദ്ധിപ്പിക്കാൻ നമ്മൾ തയ്യാറാകണം. മരണപ്പെട്ടവരാണെങ്കിൽ അവരുടെ മരണാനന്തര ചടങ്ങുകളിൽ ഗവൺമെന്റ് പ്രതിനിധികൾ വിസിറ്റ് ചെയ്യുകയും മരണാനന്തര ചടങ്ങുകൾ ഔദ്യോഗിക ബഹുമതികളോടെയാണ് നടക്കുന്നതെന്ന് ഉറപ്പുവരുത്തുകയും ചെയ്യണം. അപകട മരണങ്ങളിൽപ്പെട്ടവർക്ക് ധനസഹായം നൽകുന്നതുപോലെ സാമ്പത്തികത്തിന് വേണ്ടിയല്ലെങ്കിൽപോലും ഇത്തരം വലിയൊരു മനസ്സ് കാണിക്കുന്നവരുടെ കുടുംബത്തിന് സഹായമാകുമെങ്കിൽ സർക്കാർ അവർക്ക് സാമ്പത്തിക സഹായം

നൽകണം. കഴിയുമെങ്കിൽ അവരുടെ മക്കൾക്ക് ഗ്രേസ് മാർക്ക് ഉൾപ്പടെയുള്ള...... ഇതിന്റെയൊരു നൊബിലിറ്റി വർദ്ധിപ്പിക്കുന്ന തരത്തിൽ, അവയവദാനം നടത്താൻ തയ്യാറാകുന്നവരുടെ ആദരം വർദ്ധിപ്പിക്കുന്ന നടപടികൾ ഗവൺമെന്റ് എടുക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, എയർ ആമ്പുലൻസ് എന്ന ആശയം കഴിഞ്ഞ കുറച്ച് നാളുകളായി നമ്മുടെ ചർച്ചകളിൽ നിറഞ്ഞുനിൽക്കുന്ന ഒന്നാണ്. ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തലയും ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാറും ഇതുമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തിവരികയാണ്. അതിനിടയിലാണ് എറണാകുളത്തെ ശ്രീ. മാത്യു ആന്റണിക്ക് അഡ്വ. നീലകണ്ഠശർമ്മയുടെ ഹൃദയം മാറ്റിവച്ചത്. അവയവദാനത്തിന് ഇതുപോലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് അനുകൂലമായി വലിയൊരു വികാരംതന്നെ ഉണ്ടായിട്ടുണ്ട്. ഇതിനോടകംതന്നെ ആരംഭിച്ചിട്ടുള്ള എയർ ആമ്പുലൻസ് സർവ്വീസ് കേരളത്തിന് ലഭിക്കത്തക്കവിധത്തിലുള്ള നടപടികൾ വേഗത്തിലാക്കും. തുടങ്ങിവച്ചിട്ടുള്ള ചർച്ചകൾ ഏറ്റവും വേഗത്തിൽ, ആദ്യഘട്ടമെന്ന നിലയിൽ എയർ ആമ്പുലൻസ് സർവ്വീസ് നടത്താൻ തയ്യാറുള്ളവർക്ക് അതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനെക്കുറിച്ച് ആലോചിക്കും. ഗവൺമെന്റിനുതന്നെ ഒരു എയർ ആമ്പുലൻസ് സർവ്വീസ് നടത്താൻ സാധിക്കുമോ എന്നുള്ള സാധ്യത രണ്ടാമതായി

പരിശോധിച്ചുനോക്കാം. ഇതിനോടകംതന്നെ നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. അതിന്മേലുള്ള കാര്യങ്ങൾ പരമാവധി വേഗത്തിൽ എടുക്കും. എറണാകുളത്ത് ഉണ്ടായ കാര്യങ്ങൾ രാവിലെ ഇവിടെ പറഞ്ഞുകഴിഞ്ഞതാണ്. അത് നമ്മുടെ കൂട്ടായ്മയുടെ വിജയമാണ്. എല്ലാവരും കൂടിച്ചേർന്നപ്പോൾ നമുക്കുണ്ടായ ഒരു വലിയ വിജയമാണ്. അന്തരിച്ച അഡ്വ. നീലകണ്ഠശർമ്മയുടെ കുടുംബം കാണിച്ച ഉദാരമായ മനോഭാവവും ഡോക്ടർമാരുടെ കഴിവും തെളിയിക്കുന്ന ഒന്നായിരുന്നു ആ വിജയകരമായ ശസ്ത്രക്രിയ. കേരളത്തിന്റെ ആരോഗ്യ സേവന രംഗത്ത് വലിയ ആത്മവിശ്വാസം ഉണ്ടാക്കിയ സംഭവമാണത്. അതൊരു മോഡലായി വരണം. ഒരു കാര്യത്തിൽ മാത്രമല്ല, ആരോഗ്യ സേവന രംഗത്ത് ലോകത്തിൽ എവിടെയും കിട്ടുന്ന സേവനം കേരളത്തിൽ ലഭ്യമാകുമെന്നുള്ള ഒരു വലിയ സന്ദേശമാണ് അതിന്റെ പിന്നിലുള്ളത്. അതുപോലെതന്നെ എല്ലാവരും കൂടിച്ചേർന്നപ്പോഴുള്ള, ഒരു കൂട്ടായ്മയുടെ വിജയം നമ്മൾ കണ്ടു. ഇതുപോലുള്ള അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തണം. ശ്രീ. ഷാഫി പറമ്പിൽ അവയവദാനത്തിന് കൊടുക്കേണ്ട പ്രോത്സാഹനങ്ങളെക്കുറിച്ച് പറഞ്ഞു. അതിനോട് യോജിപ്പാണ്. പക്ഷെ അത് എങ്ങനെ വേണം, എന്തെല്ലാം വേണം എന്നതിനെ സംബന്ധിച്ച് നമുക്ക് ചർച്ച ചെയ്യാം. ചർച്ച ചെയ്ത് പരമാവധി പ്രോത്സാഹനങ്ങൾ കൊടുക്കാനും ഈ

സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്താനും ശ്രമിക്കാമെന്നാണ് പറയാനുള്ളത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇതുസംബന്ധിച്ച് ആരോഗ്യ വകുപ്പും ആഭ്യന്തര വകുപ്പും രണ്ട് പ്രാവശ്യം ചർച്ച നടത്തുകയുണ്ടായി. പ്രൈവറ്റ് ആശുപത്രികളുമായി ചേർന്നുകൊണ്ട് സ്വകാര്യ സംരംഭകരായ എയർ ആമ്പുലൻസുകാർ സർവ്വീസ് നടത്താൻ മുന്നോട്ടുവന്നിട്ടുണ്ട്. അവരെയും വിളിച്ച് ചർച്ച നടത്തി. ഗവൺമെന്റിന് 40 മണിക്കൂർ ഫ്രീയായി തരാമെന്നാണ് അവർ പറയുന്നത്. മറ്റ് ആശുപത്രികളുമായി ബന്ധപ്പെട്ട്....... എവിടെയൊക്കെ ആക്സിഡന്റ് ഉണ്ടാകുന്നോ അവിടെയൊക്കെ ഓടിയെത്തി രോഗികളെ രക്ഷിക്കാൻ കൂടിയാണിത്. രോഗികളെ രക്ഷിക്കാനും സഹായിക്കാനുമുള്ള സംവിധാനമൊരുക്കാമെന്നാണ് പറഞ്ഞിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആലോചിച്ച് അടുത്ത രണ്ടാഴ്ചയ്ക്കുള്ളിൽ ഫൈനൽ സ്റ്റേജിലെത്തിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഓൺലൈൻ രജിസ്ട്രേഷന്റെ തീയതി ദീർഘിപ്പിക്കൽ

ചീഫ് വിപ്പ് (ശ്രീ. തോമസ് ഉണ്ണിയാടൻ): സർ, വിലത്തകർച്ചമൂലം കഷ്ടപ്പെടുന്ന റബ്ബർ കർഷകർക്ക് ഏറെ ആശ്വാസകരമാണ് കിലോയ്ക്ക് 150 രൂപ

തറവില നിശ്ചയിച്ചുകൊണ്ടുള്ള സംസ്ഥാന സർക്കാരിന്റെ ആശ്വാസ പദ്ധതി. ഇന്നലെ അതിലേയ്ക്കായി പ്രത്യേകം കൺസൾട്ടന്റിനെ ഗവൺമെന്റ് തീരുമാനിക്കുകയുണ്ടായി. റബ്ബർ ഉത്പാദക സംഘം വഴി റബ്ബർ ബോർഡിന്റെ വെബ്സൈറ്റിൽ പേര് രജിസ്റ്റർ ചെയ്യുന്നവർക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. അതിൽ പേര് രജിസ്റ്റർ ചെയ്യുന്നതിനുള്ള തിക്കുംതിരക്കും നമ്മുടെ സംസ്ഥാനത്ത് അങ്ങേയറ്റം വർദ്ധിച്ചിരിക്കുകയാണ്. നിർജ്ജീവമായിരുന്ന നിരവധി റബ്ബർ ഉത്പാദക സംഘങ്ങൾ ഇപ്പോൾ സജീവമായിട്ടുണ്ട്. നിരവധി കർഷകർ പ്രൈവറ്റ് ഏജൻസിയെപ്പോലും ആശ്രയിച്ച് ഇതിലേയ്ക്ക് പേര് രജിസ്റ്റർ ചെയ്യാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. പ്രൈവറ്റ് ഏജൻസികൾ വളരെ വലിയ തുകയാണ് അതിന് ഈടാക്കുന്നത്. അക്ഷയ കേന്ദ്രങ്ങൾ വഴിയാണ് പേര് രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കിക്കൊടുത്തിരിക്കുന്നത്. അവിടെ നാമമാത്രമായ തുക മാത്രമേ ഈടാക്കുന്നുള്ളൂ. അപേക്ഷകർ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വലിയ തിക്കുംതിരക്കും അക്ഷയകേന്ദ്രങ്ങളിൽ അനുഭവപ്പെടുന്നു. സ്വകാര്യ സ്ഥലങ്ങളിലും അതുപോലുള്ള തിക്കുംതിരക്കും അനുഭവപ്പെടുകയാണ്. ഇതുമൂലം റബ്ബർ ബോർഡിന്റെ വെബ്സൈറ്റ് പല സ്ഥലങ്ങളിലും തകരാറിലാകുന്ന ഒരു സാഹചര്യം വന്നുചേർന്നിട്ടുണ്ട്. ഈ മാസം 30-ാം തീയതിയാണ് ഇതിന്റെ

അവസാന തീയതിയായി തീരുമാനിച്ചിരിക്കുന്നത്. ആ സമയത്തിനുള്ളിൽ കർഷകർക്കെല്ലാവർക്കും പേര് രജിസ്റ്റർ ചെയ്യാൻ കഴിയാത്ത ഒരു സാഹചര്യമാണ് വന്നുചേർന്നിട്ടുള്ളത്. അതുകൊണ്ട് 30-ാം തീയതിയെന്നുള്ള കാലാവധി കുറച്ചുകൂടി നീട്ടിക്കൊടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; അതോടൊപ്പംതന്നെ റബ്ബർ കർഷകർ കൃഷി ചെയ്തുവരുന്ന പല സ്ഥലങ്ങൾക്കും പട്ടയം ലഭിച്ചിട്ടില്ല. എന്നാൽ അവർക്ക് റബ്ബർ ബോർഡിന്റെ പല തരത്തിലുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. അതുകൊണ്ട് പട്ടയം ലഭിക്കാത്ത ഭൂമിയിൽ കൃഷിചെയ്തുവരുന്ന റബ്ബർ കർഷകർക്കുകൂടി ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

മി. ചെയർമാൻ: കൂട്ടവകാശമുള്ളതിനും ഈ പദ്ധതിയുടെ ആനുകൂല്യം ഇപ്പോൾ കിട്ടുന്നില്ല. അങ്ങനെ ഒരു പ്രോബ്ലം കൂടിയുണ്ട്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട ചെയർ പറഞ്ഞ കാര്യം പരിശോധിക്കാം. റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി

സർക്കാർ ഒരു റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് നിശ്ചയിക്കുന്ന ദൈനംദിന വിലസൂചികയും തമ്മിലുള്ള വിലവ്യത്യാസം കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുന്നതായിരിക്കും. ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിനായി റബ്ബർ കർഷകർ അവരുടെ വ്യക്തിഗത വിവരങ്ങൾ www.ebtkerala.gov.in എന്ന വെബ്സൈറ്റിൽ റബ്ബർ പ്രൊഡ്യൂസേഴ്സ് സൊസൈറ്റി മുഖേന രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. ഇപ്രകാരം റബ്ബർ കർഷകർക്കുള്ള രജിസ്ട്രേഷൻ നടപടിക്ക് സർക്കാർ സമയപരിധി ഏർപ്പെടുത്തിയിട്ടില്ല. ഈ വിധം രജിസ്റ്റർ ചെയ്യപ്പെടുന്ന റബ്ബർ കർഷകരുടെ രജിസ്ട്രേഷന് റബ്ബർ ബോർഡ് അംഗീകാരം നൽകുന്നതോടെ കർഷകർ ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് ആർഹരായിത്തീരും. ഈ പദ്ധതിയിൽ ഇതുവരെ 11,386 കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. നിലവിൽ ഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ലാത്തതും എന്നാൽ കൈവശാവകാശം മാത്രമുള്ള ഭൂമിയിൽ കൃഷി ചെയ്യുന്നതും റബ്ബർ ബോർഡിൽനിന്ന് ആനുകൂല്യം ലഭിക്കുന്നവരുമായ റബ്ബർ കർഷകർക്കും പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കേണ്ടതാണ് എന്ന ഉറച്ച നിലപാടാണ് സർക്കാരിനുള്ളത്. അതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഇതിന്റെ കാലാവധി ഈ മാസം 30-ാം തീയതി വരെയുള്ളൂ എന്നാണ് പറയുന്നത്. അത് നീട്ടിക്കൊടക്കുമോ?

ശ്രീ. കെ. എം. മാണി: സർ, കാലാവധി നീട്ടിക്കൊടുക്കുന്നതി നെകുറിച്ച് ആലോചിക്കാം.

## നിയമഭേദഗതി റദ്ദ് ചെയ്യൽ

ശ്രീ. വർക്കല കഹാർ: സർ, ഖാദിയുമായി ബന്ധപ്പെട്ട ഒരു പ്രശ്നമാണ് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. ഖാദിയെകുറിച്ച് ഓർക്കുമ്പോൾ മഹാത്മജിയെ ഓർമ്മ വരും. ഖാദിയെകുറിച്ച് ഓർക്കുമ്പോൾ ഉദിച്ചാലസ്തമിക്കാത്ത ഒരു സാമ്രാജ്യത്തിന് എതിരെയുള്ള സ്വാതന്ത്ര്യസമര പോരാട്ടം ഓർമ്മ വരും. ഖാദിയെകുറിച്ച് ഓർക്കുമ്പോൾ കേളപ്പജിയെ ഓർമ്മവരും. സ്വാതന്ത്ര്യസമരത്തിൽ ജ്ഞാതരും അജ്ഞാതരുമായി ഉണ്ടായിരുന്ന ആയിരക്കണക്കിന് വരുന്ന രക്തസാക്ഷികളെ ഓർമ്മ വരും. അങ്ങനെയുള്ള ഇൻഡ്യൻ സ്വാതന്ത്ര്യസമരവും നമ്മുടെ ദേശീയ പ്രസ്ഥാനവുമായി ഏറ്റവും ബന്ധമുള്ളതാണ് ഖാദി. ശ്രീ. കെ. പി. മാധവൻ നായർ "ഖാദി ചുമന്ന അടയാളം എന്റെ മുതുകിലുണ്ട്'" എന്ന് പറഞ്ഞത് ഞാൻ കേട്ടിട്ടുണ്ട്. നമ്മുടെ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെ വലിയ ഒരു ഘടകമായിരുന്ന ഖാദി പ്രചരണവും ഖാദി വിൽപ്പനയും. ഞാൻ ഇത്

ഉന്നയിക്കാനുള്ള പ്രധാനപ്പെട്ട കാരണം, മാണി സാർ കുട്ടിയിലേ ഖാദി ധരിക്കുന്നയാളാണ്, ഖാദിയുമായി വലിയ ബന്ധമുള്ളയാളാണ്. 2004-ലെ വാറ്റ് നിയമപ്രകാരം വിൽപ്പന നികുതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഖാദി തുണിത്തരങ്ങളെ ഇപ്പോൾ വിൽപ്പന നികുതി ബാധകമായ ഉൽപ്പന്നങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. ഇപ്രകാരം 2004-ലെ നിയമം ഭേദഗതി ചെയ്തുവഴി 2015 ഏപ്രിൽ 1 മുതൽ ഖാദിക്ക് ഒരു ശതമാനം വിൽപ്പന നികുതി നിലവിൽ വന്നിരിക്കുകയാണ്. റിബേറ്റ്, തൊഴിലാളികളുടെ ഇൻസെന്റീവ് തുടങ്ങി പൂർണ്ണമായും സർക്കാർ സബ്സിഡിയെ ആശ്രയിച്ച് നിലനിൽക്കുന്ന ഖാദി ഉൽപ്പന്നങ്ങൾക്ക് വിൽപ്പന നികുതി ഏർപ്പെടുത്തിയത് പരമ്പരാഗത ഖാദി വ്യവസായത്തെ പ്രതിസന്ധിയിലാക്കും. സർക്കാർ നയത്തിന് കടകവിരുദ്ധമായ ഈ നിയമഭേദഗതി റദ്ദാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ആകെ കിട്ടുന്നത് ഒരു കോടി രൂപയായിരിക്കും. പക്ഷേ ഇതുകാരണം ഖാദിയുമായി ബന്ധമുള്ള, ദേശീയ പ്രസ്ഥാനവുമായി ബന്ധമുള്ള ആയിരക്കണക്കിന് ആളുകളുടെ എതിരും വിരോധവും ഉണ്ടാകുമെന്ന് ഓർക്കണം. അതുകൊണ്ട് പറ്റിപ്പോയ തെറ്റ് തിരുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. കെ.എം.</u>

മാണി): സർ, കഴിഞ്ഞ വർഷം ഒരുകോടി രൂപയ്ക്കുമേൽ ടേണോവറുള്ള വ്യാപാരികൾക്ക് 2 ശതമാനം ടേണോവർ ടാക്സ് ചുമത്തിയിരുന്നു. വ്യാപാരികൾ എല്ലാവരുടെയും ആവശ്യപ്രകാരമാണ് പ്രസ്തുത ടേണോവർ പിൻ വലിച്ച് എല്ലാ തുണിത്തരങ്ങളുടെ മേലും ഒരു ശതമാനം വാറ്റ് ഈവർഷം മുതൽ ചുമത്തിയത്. സംസ്ഥാനത്തിന് അകത്ത് വിൽക്കുന്ന ഖാദി, കൈത്തറി ഉൽപ്പന്നങ്ങളിൽ ഏറിയ പങ്കും അന്യ സംസ്ഥാനങ്ങളിൽനിന്ന് വരുന്ന ഉൽപ്പന്നങ്ങളാണ്. ഖാദി, കൈത്തറി ഉൽപ്പന്നങ്ങൾ വാറ്റിൽനിന്ന് ഒഴിവാക്കിയാൽ അതിന്റെ ഗുണം കൂടുതലും ലഭിക്കുന്നത് അന്യസംസ്ഥാനങ്ങളിൽനിന്ന് വരുന്ന ഖാദി, കൈത്തറി ഉൽപ്പന്നങ്ങൾക്കാണ്. കൂടാതെ നിരവധി വ്യാപാരികൾ തുണിത്തരങ്ങളെ തന്നെ കൈത്തറി, ഖാദി എന്നിങ്ങനെ തെറ്റായി വർഗ്ഗീകരിച്ച് നികുതി വെട്ടിപ്പ് നടത്തിയിരുന്നു. ഇത്തരം വെട്ടിപ്പ് ഒഴിവാക്കാനാണ് ഈ വർഷംമുതൽ എല്ലാ തുണിത്തരങ്ങൾക്കുമേലും ഒരു ശതമാനം വാറ്റ് ചുമത്തുന്നത്. കൂടാതെ മറ്റു തുണിത്തരങ്ങൾക്കുകൂടി തെറ്റായി ഖാദി കൈത്തറി തുണിത്തരങ്ങളായി വർഗ്ഗീകരിച്ച് നികുതിവെട്ടിപ്പ് നടത്താൻ സാധ്യത ഏറെയാണ്. അന്യസംസ്ഥാനങ്ങളിൽനിന്നും ചെക്ക്പോസ്റ്റ് വഴി വരുന്ന തുണിത്തരങ്ങൾ പരിശോധിക്കുന്നത് പ്രായോഗികമല്ല. സംസ്ഥാനത്ത് നിലവിൽ തുണിത്തരങ്ങളുടെ വിൽപ്പനയുടെ വെറും 5 ശതമാനം മാത്രമേ ഖാദി

ഉൽപ്പന്നങ്ങൾക്ക് വരികയുള്ളൂ. അതിൽ ഏറിയ പങ്കും അന്യസംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളാണ്. സംസ്ഥാനത്തുള്ള ഖാദി, കൈത്തറി ഉൽപ്പാദന യൂണിറ്റുകൾ നികുതി ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തുള്ള ഇത്തരം ഉൽപ്പാദന യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യേണ്ടത് സർക്കാരിന്റെ കടമയാണെന്ന് ഞാൻ കരുതുന്നു. എന്നാൽ എല്ലാ തുണിത്തരങ്ങൾക്കും ചുമത്തിയിരിക്കുന്ന ഒരു ശതമാനം വാറ്റ് തുടരേണ്ടതുണ്ട്. അതുകൊണ്ട് സംസ്ഥാനത്തുള്ള ഖാദി, കൈത്തറി ഉൽപ്പാദന യൂണിറ്റുകൾക്ക് ഇക്കാര്യത്തിൽ ആവശ്യമായ സബ്സിഡി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

## മംഗലം ഡാം സമഗ്ര കുടിവെള്ള പദ്ധതി

ശ്രീ. എം. ചന്ദ്രൻ: സർ, ആലത്തൂർ നിയോജക മണ്ഡലത്തിലെ മംഗലം ഡാം കുടിവെള്ള പദ്ധതി അടിയന്തരമായി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ പ്പെടുത്തുന്നതിനാണ് ഈ സബ്മിഷൻ. വർഷങ്ങൾക്ക് മുൻപ് രൂപകൽപ്പന ചെയ്ത ഒരു കുടിവെള്ള പദ്ധതിയാണ് മംഗലം ഡാം കുടിവെള്ള പദ്ധതി. മംഗലം ഡാം ജലസ്രോതസ്സായി കിഴക്കഞ്ചേരി, വണ്ടാഴി, വടക്കഞ്ചേരി പഞ്ചായത്തുകളിലെ ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിനു വേണ്ടിയാണ് ആദ്യഘട്ടത്തിൽ പ്ലാൻ തയ്യാറാക്കിയത്. പിന്നീട്

കണ്ണമ്പ്ര പഞ്ചായത്തുകൂടി അതിൽ ഉൾപ്പെടുത്തുകയുണ്ടായി. അങ്ങനെ 82 കോടി രൂപ മതിപ്പ് ചെലവ് കണക്കാക്കിയ ഈ പദ്ധതിക്ക് 18.10.2014-ന് 20 കോടി രൂപ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഭരണാനുമതിയും നൽകുകയുണ്ടായി. എന്നാൽ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ തടസ്സങ്ങൾ തുടക്കംമുതൽ ഇതുവരെ ഉണ്ടായതുകൊണ്ട് പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾകൂടി നടത്താൻ കഴിഞ്ഞിട്ടില്ല. അങ്ങ് മുൻകൈ എടുത്ത് എല്ലാ ഉദ്യോഗസ്ഥരുടെയും ഒരു യോഗം തിരുവനന്തപുരത്ത് വിളിച്ചു ചേർക്കുകയുണ്ടായി. ഞാനും ശ്രീ. എ. കെ. ബാലനും അതിൽ പങ്കെടുത്തിരുന്നു. ആ യോഗത്തിന്റെ തീരുമാനം അനുസരിച്ച് ഈ കുടിവെള്ള പദ്ധതി നിർമ്മാണം നടത്തുന്നതിനുവേണ്ടിയുള്ള രൂപരേഖ തയ്യാറാക്കുകയും അതിന്റെ സ്ഥലം തീരുമാനിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇതുവരെ പാലക്കാട് ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അവർ ആറുമാസത്തിൽ ഒരിക്കൽ മാറിമാറി വന്നുകൊണ്ടിരിക്കുകയാണ്, അവരാരുംതന്നെ ഈ നിശ്ചിത സ്ഥലം കൊടുക്കാൻ തയ്യാറായിട്ടില്ല. അതിന്റെ ഭാഗമായി വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർക്ക് പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് അങ്ങ് അടിയന്തരമായി ഇക്കാര്യത്തിൽ ഇടപെടണം. അങ്ങിവിടെ നൽകിയ ചോദ്യത്തിന്റെ മറുപടിയിലും ഈ കാര്യത്തെ സംബന്ധിച്ച്

വിശദമായി പ്രതിപാദിച്ചിരുന്നു. ഭരണാനുമതി നൽകിയിട്ടുണ്ട് എന്ന് അങ്ങ് പറഞ്ഞിട്ടുണ്ടെങ്കിലും ഈ 20 കോടി രൂപ ചെലവാകാകനുള്ള ഒരു പ്രവർത്തനവും ഇന്നേവരെ നടത്തിയിട്ടില്ല. അതുകൊണ്ട് അങ്ങ് അടിയന്തരമായി ഇക്കാര്യത്തിൽ ഇടപെട്ട് മംഗലം ഡാം കുടിവെള്ള പദ്ധതി, നാല് പഞ്ചായത്തുകളുടെ ജനങ്ങൾക്ക് വെള്ളം കൊടുക്കേണ്ട ഈ പദ്ധതി, ഉടനെ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടി ആരംഭിക്കണം എന്നാണ് അഭ്യർത്ഥിക്കുവാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, പാലക്കാട് ജില്ലയിൽ ആലത്തൂർ താലൂക്കിലെ വടക്കഞ്ചേരി, കിഴക്കഞ്ചേരി, വണ്ടാഴി പഞ്ചായത്തുകൾക്കായി മംഗലം ഡാം സ്രോതസ്സായി ഒരു ബൃഹത്പദ്ധതിക്ക് കേരള വാട്ടർ അതോറിറ്റി രൂപകൽപ്പന ചെയ്തു. ഈ പദ്ധതിക്ക് സ്രോതസ്സായിട്ടുള്ള മംഗലം ഡാമിൽനിന്നും വെള്ളമെടുക്കുന്നതിനും പദ്ധതിയുടെ ഭാഗമായി ശുദ്ധീകരണശാല, ജലസംഭരണി എന്നിവ നിർമ്മിക്കുന്നതിനും സ്ഥലം വിട്ടുകിട്ടുന്നതിന് ജലവിഭവ വകുപ്പിന്റെ അനുമതി ആവശ്യമായിരുന്നു. സ്ഥലം കൈമാറുന്നതിന് ഉന്നതതല യോഗത്തിൽ തീരുമാനിച്ചിരുന്നു. പദ്ധതിയുടെ നിർവ്വഹണത്തിനായി ഒരു എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടെ എൻ.ആർ.ഡി.ഡബ്ല്യൂ.പി. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി 14.03.2014-ൽ

കൂടിയ 20-ാമത് എസ്.എൽ.എസ്.സി. യോഗത്തിൽ സമർപ്പിക്കുകയുണ്ടായി. 60 കോടി രൂപയാണ് പദ്ധതിക്ക് അടങ്കൽ ആവശ്യമായി വരുന്നത്. യോഗത്തിൽ പദ്ധതിയുടെ ആദ്യഘട്ടമായി 20 കോടി രൂപയ്ക്ക് അനുമതി നൽകുകയുണ്ടായി. എന്നാൽ കണ്ണമ്പ്ര പഞ്ചായത്തിനെക്കൂടി ഉൾപ്പെടുത്തി എസ്.ഒ.ആർ. 2012 പ്രകാരം 82 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ടാണ് തയ്യാറാക്കിയിട്ടുള്ളത്. ഇത് നിലവിലുള്ള ഡി.എസ്.ആർ. 2014 റേറ്റ് അനുസരിച്ച് പുതുക്കുന്നതിനും വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചു വരുന്നു. പദ്ധതിയുടെ ആദ്യഘട്ടമായി അനുവദിച്ച 20 കോടി രൂപയ്ക്കുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി പ്രാരംഭ സർവ്വേകൾ പൂർത്തിയാക്കി ജലശുദ്ധീകരണശാല നിർമ്മിക്കുന്നതിനുള്ള സ്ഥലത്തിന്റെ മണ്ണ് പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. 29.05.2015-ന് കൂടിയ ജില്ലാ വികസന സമിതി യോഗത്തിൽ വച്ച് സ്ഥലം കൈമാറ്റം സംബന്ധിച്ച് നടന്ന ചർച്ചയിൽ നക്ഷത്ര ബംഗ്ലാവിലേയ്ക്കുള്ള പുതിയ വഴിയും വാട്ടർ അതോറിറ്റി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഘടകങ്ങളുടെ രൂപരേഖയും ഉൾക്കൊള്ളിച്ച് സ്കെച്ച് തയ്യാറാക്കി നൽകുവാൻ വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതുപ്രകാരം മംഗലം ഡാം വാച്ച് ടവർ ഒഴിവാക്കി 250 സെന്റ് സ്ഥലത്തിന്റെ സ്കെച്ച്

തയ്യാറാക്കിയിട്ടുണ്ട്. ഇത് പരിശോധിച്ചുവരികയാണ്. എത്രയും പെട്ടെന്ന് ആവശ്യമായ സ്ഥലം വാട്ടർ അതോറിറ്റിക്ക് വിട്ടുകൊടുക്കുന്നതാണ്. വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് ലഭിച്ചശേഷം ഭരണാനുമതി നൽകുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതാണ്.

മാമം നാളികേര കോംപ്ലക്സ്

ശ്രീ. ബി.സത്യൻ: സർ, ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ നിരവധിപ്രാവശ്യംപ്പെടുത്തുകയും സർവ്വകക്ഷിയിൽ പെട്ടവരുൾപ്പെടെ അദ്ദേഹത്തെ കണ്ട് സംസാരിക്കുകയും ചെയ്തതാണ്. നീണ്ടകാലം ആറ്റിങ്ങൽ കേന്ദ്രീകരിച്ചുള്ള എല്ലാ ട്രേഡുയൂണിയനുകളും രാഷ്ട്രീയ പാർട്ടികളും നടത്തിയ പ്രക്ഷോഭ സമരം, അങ്ങയുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്ത് പരിഹാരമുണ്ടാക്കുകയും ആറ്റിങ്ങലിൽ ദേശീയ പാതയുടെ അടുത്തുള്ള നാളികേര വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള മാമം നാളികേര കോംപ്ലക്സ് അടിയന്തരമായി തുറന്ന് പ്രവർത്തിപ്പിക്കാൻ വേണ്ടി വിവിധ പദ്ധതികൾ ആരംഭിക്കുകയും ചെയ്തതാണ്. അതനുസരിച്ച് സംസ്ഥാന ഗവൺമെന്റ് ഒരു പദ്ധതി തയ്യാറാക്കുകയും കേന്ദ്ര സർക്കാരിന്റെ ആർ. കെ. വി. വൈ. പദ്ധതിപ്രകാരം ഈ സ്ഥാപനം തുറന്ന് പ്രവർത്തിക്കാൻ വേണ്ട നീക്കം ആരംഭിച്ചു. കൊപ്ര സംഭരണം, വെളിച്ചെണ്ണ

ഉൽപ്പാദനം, വെളിച്ചെണ്ണ മില്ല് സ്ഥാപിക്കുക, ചിരട്ടപ്പൊടി നിർമ്മാണ യൂണിറ്റ്, തേങ്ങവെള്ളം സംസ്കരിക്കുന്നതിനുള്ള യൂണിറ്റ് സ്ഥാപിക്കുക തുടങ്ങി നാളികേര കൃഷിക്കാരുമായി ബന്ധപ്പെട്ട്, നാളികേരത്തിന്റെ മൂല്യവർധന ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന കേന്ദ്രമാക്കി വികസിപ്പിച്ചെടുക്കാൻ, അതോടൊപ്പം ദേശീയ പാതയോരത്ത് കിടക്കുന്ന ഈ പ്രധാനകേന്ദ്രത്തിൽ, കൃഷി വകുപ്പിന്റേയും അനുബന്ധ വകുപ്പുകളേയും കേന്ദ്രീകരിച്ച് ഒരു സമുച്ചയം നിർമ്മിക്കാൻ ഏറ്റവും അധികം സാധ്യതയുള്ള ഈ നാളികേര കോംപ്ലക്സ്....... അങ്ങ് വളരെയേറെ താൽപ്പര്യമെടുത്തു എങ്കിൽ പോലും രണ്ട് കോടി രൂപ ആർ. കെ. വി. വൈ. പദ്ധതി പ്രകാരം അനുവദിക്കപ്പെടുകയും, ഏതാണ്ട് 114 ലക്ഷം രൂപ ഇതിനകം ചിലവഴിച്ചു കഴിഞ്ഞു. എങ്കിലും ഇതുവരെ അത് തുറന്ന് പ്രവർത്തിക്കുവാൻ കഴിഞ്ഞിട്ടില്ല എന്ന ദു:ഖസ്ഥിതി വളരെ വിനയപൂർവ്വം അങ്ങയുടെ ശ്രദ്ധയിൽപെടുത്തുകയാണ്. ഇപ്പോഴും ആ സ്ഥാപനം കാടുകയറി കിടക്കുകയാണ്. ഒരുപാട് ഉപകരണങ്ങൾ വാങ്ങി എന്ന് പല സന്ദർഭങ്ങളിലും ബഹുമാന്യരായിട്ടുള്ള ജനപ്രതിനിധികളുടെ ചോദ്യങ്ങൾക്ക് മറുപടി അങ്ങ് നൽകിയിട്ടുള്ളതാണ്, അത് ഞാൻ ഇവിടെ പറയുന്നില്ല. നാളികേര വികസന കോർപ്പറേഷന്റെ കീഴിലുള്ള ഒരു സംരംഭകമാക്കി ഇതിനെ നിലനിർത്തുമ്പോൾ ഇതിന്റെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻമാർ, ശാസ്ത്രജ്ഞൻമാർ,

സാങ്കേതിക വിദഗ്ദർ ഇവർക്കാർക്കും പ്രത്യേകിച്ച് എന്തെങ്കിലും ചുമതല നൽകി ഈ സ്ഥാപനം തുടർന്ന് പ്രവർത്തിക്കാൻ പോകുന്ന എന്ന അവസ്ഥ ഇതുവരെ ഉണ്ടായിട്ടില്ല. ഇത് നാളികേര വികസന കോർപ്പറേഷന്റെ ഒരു യൂണിറ്റ് എന്ന നിലയിൽ മറ്റ് പല ചുമതലകൾ വഹിക്കുന്ന ഉദ്യോഗസ്ഥൻമാർ വന്ന് മടങ്ങി പോകുന്നതിനപ്പുറം ഈ സ്ഥാപനത്തെ വൈവിദ്ധ്യവൽക്കരിച്ച് തുറന്ന് പ്രവർത്തിക്കാൻ പറ്റുന്ന നിലയിൽ കാര്യക്ഷമമായ ഇടപെടലുകൾ നടത്താൻ കഴിവുള്ള ആളുകളെ ഏൽപ്പിച്ച് ഇത് തുറന്ന് പ്രവർത്തിപ്പിക്കും എന്ന പ്രതീക്ഷ ഇപ്പോഴും ഇല്ല. 114 ലക്ഷം രൂപ ചിലവഴിച്ചു എന്നു പറയുന്ന സാഹചര്യത്തിൽപോലും ഇത് തുറന്നുപ്രവർത്തിപ്പിക്കാൻ കഴിയില്ലെങ്കിൽ എങ്ങനെയാണ്? ഗവൺമെന്റ് ഈ കാര്യത്തിൽ ഒരു തുകയും നീക്കി വച്ചിട്ടില്ല എന്ന മറുപടിയും ലഭിച്ചിട്ടുണ്ട്. മാതൃഭൂമി ദിനപത്രം കഴിഞ്ഞ ഒരാഴ്ചയായി ഈ സ്ഥാപനത്തെ ബന്ധപ്പെടുത്തി ഉള്ള വിഷയങ്ങൾ സീരിയലൈസ് ചെയ്തു. ഇത് എന്ന് തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിയും എന്ന് അങ്ങ് വ്യക്തമാക്കുകയും, യാതൊരു ജനപങ്കാളിത്തവുമില്ലാതെ, എം.എൽ.എ. എന്ന നിലയിൽ ഞാൻ ഒരു കാര്യവും അറിയുന്നില്ല, ഒരു ബന്ധപ്പെടലും ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നടത്തുന്നില്ല. അവിടെ എന്തോ പ്രവർത്തനങ്ങൾ നടക്കുന്നു എന്ന് പറയുന്നു, അങ്ങ് വന്ന്

ജനപ്രതിനിധികളേയും രാഷ്ട്രീയ പാർട്ടികളേയും യോജിപ്പിച്ച് ഇതു തുറന്ന് പ്രവർത്തിക്കാനുള്ള നടപടികൾ സ്വീകരിക്കാമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, 25 വർഷങ്ങൾക്കുമുൻപ് പൂട്ടിക്കിടന്ന നാളികേര വികസന കോർപ്പറേഷൻ പുനരുജ്ജീവിപ്പിക്കാൻവേണ്ടി സർക്കാർ 2012-ൽ ആലോചിക്കുകയും നാളികേര വികസന കോർപ്പറേഷന്റെ തിരുവണ്ണൂർ ഉള്ള കേന്ദ്രം കേരളാ ഫീഡ്സിനു വേണ്ടി കൈമാറിക്കൊണ്ട് അവിടെ 50 കോടി രൂപയുടെ പദ്ധതി പൂർത്തീകരിച്ചു വരികയാണ്, 2015-ൽ ആഗസ്റ്റ് മാസം തന്നെ അതിന്റെ ഉത്ഘാടനം നിർവ്വഹിക്കും. ആറ്റിങ്ങലിലെ മാമം നാളഇകേര വികസന കോംപ്ലക്സ് പ്രവർത്തനം ആരംഭിക്കുന്നതിനായി ആർ. കെ. വി. വൈ. പദ്ധതി പ്രകാരം രണ്ട് കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽ ഒരു കോടി 44 ലക്ഷം രൂപ വെർജിൻ കോക്കനട്ട് ഓയിൽ പ്ലാന്റ് മെഷിനറി സ്ഥാപിക്കുന്നതിനും, 20 ലക്ഷം രൂപ നിലവിലുള്ള പഴയ കെട്ടിടത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുമായി വിനിയോഗിച്ചിട്ടുണ്ട്. വെർജിൻ കോക്കനട്ട് പ്ലാന്റിന്റെ പ്രവർത്തന ഉത്ഘാടനം ഈ വർഷം ആഗസ്റ്റ് മാസം നടത്തുന്നതിനുള്ള ക്രമീകരണം പൂർത്തീകരിച്ചുവരുന്നു. കൂടാതെ പ്രതിദിനം 30 ടൺ കൊപ്രയിൽനിന്നും വെളിച്ചെണ്ണ

ഉൽപ്പാദിപ്പിക്കുന്നതിനുള്ള പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ പൂർത്തീകരിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. പച്ചത്തേങ്ങ കൊപ്രയാക്കുന്നതിലൂടെ ലഭിക്കുന്ന തേങ്ങാവെള്ളം സംസ്കരിച്ച് പാനീയമാക്കുന്നതിനുള്ള നടപടികളും മറ്റ് മൂല്യവർധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും ഈ വർഷം തന്നെ ആരംഭിക്കും. ബഹുമാനപ്പെട്ട എം.എൽ.എ.-യോടൊപ്പം തന്നെ അവിടുത്തെ ജനപ്രതിനിധികളും ജനനേതാക്കന്മാരും ചേർന്നുകൊണ്ട് ഈ കാര്യത്തിൽ വളരെയധികം ശക്തമായി ഇടപെടുകയും കൂടുതൽ പ്രവർത്തനം നടത്താനുള്ള സഹകരണം ലഭിച്ചിട്ടുണ്ട്. ഈ വർഷംതന്നെ കോർപ്പറേഷനെ പ്രവർത്തന സജ്ജമാക്കാനുള്ള നടപടികൾ ത്വരിതഗതിയിലാണ്.

<u>മണികണ്ഠനെ മർദ്ദിച്ച സംഭവം</u>

<u>ശ്രീ. ബി. ഡി. ദേവസ്സി:</u> സർ, തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിൽ മലക്കപ്പാറ, പെരുമ്പാറ ഹരിജൻ കോളനിയിലെ സ്ഥിര താമസക്കാരനും പട്ടികജാതിക്കാരനും പട്ടികവർഗ്ഗ പ്രൊമോട്ടറുടെ ഭർത്താവുമായ പുത്തൻവീട്ടിൽ സജീവൻ മകൻ മണികണ്ഠനെന്ന യുവാവിനെ മലക്കപ്പാറ പോലീസ് സ്റ്റേഷനിലെ കേസ്സുമായി ബന്ധപ്പെട്ട് ഹാജരാകാത്തതിനാലും പിഴ അടയ്ക്കാത്തതിനാലും കോടതി വാറന്റിന്റെ അടിസ്ഥാനത്തിൽ 15-07-2015-ന് മലക്കപ്പാറ പോലീസ്

കസ്റ്റഡിയിലെടുത്ത് ചാലക്കുടി മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കിയിരുന്നു. പിഴ അടയ്ക്കാത്തതിനാൽ കോടതി മണികണ്ഠനെ റിമാന്റ് ചെയ്ത് ഇരിങ്ങാലക്കുട സബ് ജയിലിലേയ്ക്ക് അയച്ചു. ജയിലിൽവച്ച് രക്തസമ്മർദ്ദം കൂടി തലകറങ്ങിയ മണികണ്ഠനെ ഇരിങ്ങാലക്കുട താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കുത്തിവെയ്പിനുശേഷം കുറച്ചുസമയം കഴിഞ്ഞ് വിശ്രമിച്ചിട്ട് പോയാൽ മതിയെന്ന ഡോക്ടറുടെ നിർദ്ദേശം കണക്കിലെടുക്കാതെ കൂടെ വന്ന ജയിൽ വാർഡൻമാർ ബലമായി ജയിലിലേയ്ക്ക് തിരികെ കൊണ്ടുപോകുകയും ജയിലിൽവച്ച് ഈ രണ്ടു വാർഡർമാരും ഹെഡ് വാർഡനുംകൂടി തന്നെ ക്രൂരമായി മർദ്ദിക്കുകയും കഴുത്തിന് കുത്തിപ്പിടിച്ച് വയറിൽ ചവിട്ടുകയും ഇടിയ്ക്കുകയും ജാതിപ്പേരു വിളിച്ച് ആക്ഷേപിക്കുകയും ചെയ്തു എന്നും പിറ്റേദിവസം രാവിലെ ഈ മൂന്ന് ജയിൽ ഉദ്യോഗസ്ഥർ തന്നെ ചീത്തവിളിച്ച്, ക്രൂരമായി മർദ്ദിച്ചു എന്നുമുള്ള മണികണ്ഠന്റെ പരാതിയിന്മേൽ അന്വേഷണം നടത്തി കുറ്റക്കാരെ മാതൃകാപരമായി ശിക്ഷിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതോടൊപ്പം ജാമ്യത്തിലിറങ്ങിയ മണികണ്ഠൻ ഒരാഴ്ച ചാലക്കുടി സർക്കാർ താലൂക്കാശുപത്രിയിൽ ചികിത്സയ്ക്ക് വിധേയമായശേഷം ഇപ്പോൾ വീട്ടിൽ കിടപ്പിലാണ്. ജോലിക്ക് പോകാൻ കഴിയാത്ത അവസ്ഥയാണ്. ഭക്ഷണം

കഴിക്കാൻപോലും പ്രയാസപ്പെടുന്ന ആരോഗ്യ പ്രശ്നങ്ങളുമുണ്ട്. വിദഗ്ദ ചികിത്സ ഉൾപ്പെടെ ആവശ്യമായ ധനസഹായം അനുവദിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, തൃശ്ശൂർ ജില്ലയിൽ വെറ്റിലപ്പാറ പുത്തൻപുരയ്ക്കൽ ഹൗസിൽ സജീവൻ മകൻ 39 വയസ്സുള്ള മണികണ്ഠൻ എന്നയാൾ 11-4-2015 -ന് 3 മണിക്ക് പെരിമ്പാറ കോളനി ജംഗ്ഷനിൽ, പൊതുസ്ഥലത്ത് മദ്യപിച്ച് കലഹസ്വഭാവിയായി കാണപ്പെട്ടതിനെ തുടർന്ന് മലക്കപ്പാറ പോലീസ് സബ് ഇൻസ്പെക്ടർ ഇയാളെ കസ്റ്റഡിയിലെടുത്ത് ഷോളയാർ മെഡിക്കൽ പി.എച്ച്.സി. -യിൽ വൈദ്യ പരിശോധന നടത്തി കെ.പി. ആക്ട് 118 (എ) വകുപ്പ് പ്രകാരം ക്രൈം നമ്പർ 4/2015 ആയി കേസ്സ് രജിസ്റ്റർ ചെയ്തു. അറസ്റ്റ് റിക്കാർഡ് ചെയ്തു അന്നേദിവസംതന്നെ രണ്ട് ആൾ ജാമ്യത്തിൽ മണികണ്ഠനെ സ്റ്റേഷനിൽനിന്ന് വിട്ടയച്ചു. കേസ്സിന്റെ കുറ്റപത്രം ചാലക്കുടി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിൽ സമർപ്പിച്ചതിനെ തുടർന്ന് സമൻസും വാറന്റും പുറപ്പെടുവിച്ചെങ്കിലും ഇയാൾ കോടതിയിൽ ഹാജരായില്ല. കോടതി ജാമ്യമില്ലാ വാറന്റ് പുറപ്പെടുവിച്ചതിനെ തുടർന്ന് 15-7-2015 ഉച്ചയ്ക്ക് 12.15-ന് ഇദ്ദേഹത്തെ അറസ്റ്റ് ചെയ്ത് കോടതി മുമ്പാകെ ഹാജരാക്കി. പിഴ അടയ്ക്കാൻ പണമില്ലാതിരുന്നതിനെ തുടർന്ന് 14 ദിവസത്തേയ്ക്ക് റിമാന്റ് ചെയ്ത് ഇരിങ്ങാലക്കുട

സബ് ജയിലിൽ അയച്ചു. അന്നേ ദിവസം ലോക്കപ്പ് കഴിഞ്ഞ് രാത്രിയിൽ അദ്ദേഹത്തിന് തലകറക്കം ഉള്ളതായി സഹതടവുകാർ അറിയിച്ചതിനെ തുടർന്ന് ജയിൽ ഉദ്യോഗസ്ഥർ ഇരിങ്ങാലക്കുട ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ കൊണ്ടുപോയി ഡോക്ടറുടെ നിർദ്ദേശപ്രകാരമുള്ള ചികിത്സ നൽകി. രാത്രി 9.45 ന് തിരികെ ജയിലിൽ പ്രവേശിപ്പിച്ചു. ഇ.സി.ജി. യും യൂറിൻടെസ്റ്റ് നടത്തുന്നതിനും ഡോക്ടർ നിർദ്ദേശിച്ചതിനാൽ 16-7-2015 -ന് രാവിലെ വീണ്ടും താലൂക്ക് ആശുപത്രിയിൽ കൊണ്ടുപോയി. നിർദ്ദിഷ്ട ടെസ്റ്റുകൾ നടത്തി ഉച്ചയ്ക്ക് 12.40 -ന് തിരികെ ജയിലിൽ കൊണ്ടുവന്നു. ഡോക്ടർ നിർദ്ദേശിച്ച മരുന്നുകൾ എല്ലാം പ്രതിക്ക് ജയിലിൽനിന്ന് വാങ്ങി നൽകിയിട്ടുണ്ട്. കോടതിയിൽ നിന്നും ഉത്തരവ് ലഭിച്ചതിനെ തുടർന്ന് 17-7-2015-ന് ഉച്ചകഴിഞ്ഞ് 1.30-ന് ഇദ്ദേഹത്തെ ജയിലിൽനിന്ന് മോചിപ്പിച്ചു. 16-7-2015 ഉച്ചകഴിഞ്ഞ് 4.15 -ന് മധ്യമേഖലാ ഡി.ഐ.ജി. ജയിലിൽ മിന്നൽ പരിശോധന നടത്തിയിരുന്നു. ആ സമയം മണികണ്ഠൻ ഉൾപ്പെടെയുള്ള എല്ലാ തടവുകാരേയും ഡി.ഐ.ജി. നേരിൽ കാണുകയും ആർക്കെങ്കിലും എന്തെങ്കിലും പരാതി ഉണ്ടോ എന്ന് അന്വേഷിക്കുകയും ചെയ്തു. എന്നാൽ ജയിലിലെ ഉദ്യോഗസ്ഥർ മർദ്ദിച്ചതായി മണികണ്ഠൻ പരാതിയൊന്നും പറഞ്ഞിട്ടില്ല എന്നാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ബഹുമാനപ്പെട്ട അംഗം

ബി.ഡി. ദേവസ്സി എന്നെ ഫോണിൽ വിളിച്ച് പറഞ്ഞതനുസരിച്ച് വീണ്ടും ജയിൽ ഡി.ജി.പി. ലോക് നാഥ് ബെഹ്റയോട് ഇത് അന്വേഷിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയുണ്ടായി. ജയിലിലെ ഉദ്യോഗസ്ഥർ മർദ്ദിച്ചു എന്ന ജയിൽ മോചിതനായ ശേഷമുള്ള മണികണ്ഠന്റെ പരാതിയിന്മേൽ, അതിന്റെ അടിസ്ഥാനത്തിൽ മധ്യമേഖലാ ഡി.ഐ.ജി. 17-7-2015 -ന് രാത്രിതന്നെ ഇരിങ്ങാലക്കുട ജയിൽ സന്ദർശിച്ച് അന്വേഷണം നടത്തിയിരുന്നു. അന്വേഷണത്തിൽ തടവുകാരന്റെ ആരോപണത്തിന് യാതൊരു അടിസ്ഥാനവുമില്ലെന്നും ജയിൽ ഉദ്യോഗസ്ഥർ ആരുംതന്നെ പ്രതിയെ മർദ്ദിച്ചിട്ടില്ലെന്നും മർദ്ദിക്കാനുള്ള യാതൊരു സാഹചര്യവും അവിടെ ഉണ്ടായിരുന്നില്ലെന്നാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. മേല്പറഞ്ഞ വസ്തുതകളുടെ വെളിച്ചത്തിൽ ജയിൽ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കേണ്ട ഒരു സാഹചര്യമില്ല. ചികിത്സയുടെ കാര്യത്തിൽ അദ്ദേഹം പ്രത്യേകം ഒരു അപേക്ഷ നൽകിക്കഴിഞ്ഞാൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നോ, പട്ടികജാതി വകുപ്പിൽനിന്നോ ധനസഹായം കൊടുക്കുന്നതിൽ യാതൊരു എതിർപ്പും ഗവൺമെന്റിന് ഇല്ല. ബഹുമാനപ്പെട്ട എം.എൽ.എ. അതു വാങ്ങിത്തന്നാൽ മതിയെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

പൂന്താനം സ്മാരക യു.പി.സ്കൂൾ ഹൈസ്കൂളായി ഉയർത്തൽ

ശ്രീ. എം. ഉമ്മർ : സർ, 1969 ൽ അങ്ങയുടെ പ്രഗത്ഭനായ മുൻഗാമി മഹാനായ സി.എച്ച്. മുഹമ്മദ്കോയ സാഹിബ്, മഹാകവി പൂന്താനത്തിന്റെ ജന്മസ്ഥലമായ പൂന്താനത്ത് അദ്ദേഹത്തിന്റെ നാമധേയത്തിൽ ഒരു യു.പി.സ്കൂൾ സ്ഥാപിക്കുകയുണ്ടായി. പതിമൂന്ന് അദ്ധ്യാപകരടക്കം നാനൂറിലധികം കുട്ടികൾ പഠിക്കുന്ന ഒരു യു.പി.സ്കൂൾ ആണ്. മൂന്നേക്കർ സ്ഥലവും മൂന്ന് കെട്ടിടവും സ്കൂളിന് സ്വന്തമായിട്ടുണ്ട്. ആ സ്കൂൾ അപ്ഗ്രേഡ് ചെയ്യണമെന്നാണ് പൂന്താനം സ്മാരക സമിതിയുടെ ആഗ്രഹം. പൂന്താനം സ്മാരക സമിതിയുടെ പ്രസിഡന്റ് കോൺഗ്രസ്സുകാരനും സെക്രട്ടറി സി.പി.എം.കാരനുമാണ്. കൂടാതെ മറ്റ് കക്ഷി രാഷ്ട്രീയത്തിൽ വിശ്വസിക്കുന്നവരും ഈ സമിതിയിൽ അംഗങ്ങളാണ്. പൂന്താനം സ്മാരക സമിതിയുടെ ആവശ്യം എയ്ഡഡ് സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിനുവേണ്ടിയല്ല. ആ സ്ഥലവും മറ്റ് സ്ഥാവര ജംഗമ വസ്തുക്കളും ഗവൺമെന്റിന് കൈമാറാൻ അവർ തയ്യാറാണ്. അതുകൊണ്ട് ഈ സ്ഥലവും സ്ഥാവര ജംഗമ വസ്തുക്കളും ഏറ്റെടുത്ത് ഒരു ഗവൺമെന്റ് ഹൈസ്കൂളാക്കി അപ്ഗ്രേഡ് ചെയ്യണമെന്നതാണ് അവരുടെ ആവശ്യം. അഞ്ചു കിലോമീറ്റർ ചുറ്റളവിൽ വേറെ സ്കൂളുകൾ ആ പ്രദേശത്തില്ല. അതുകൊണ്ട് എല്ലാ അർത്ഥത്തിലും ഒരു ഹൈസ്കൂളായി

അംഗീകരിക്കപ്പെടേണ്ട സ്ഥാപനമായതിനാൽ അതിനെ അംഗീകരിക്കണം. മഹാകവി പൂന്താനത്തെ നമുക്ക് വിസ്മരിക്കാൻ കഴിയില്ല.

"കുടിയല്ല പിറക്കുന്ന നേരത്തും

കുടിയല്ല മരിക്കുന്ന നേരത്തും

മധ്യേയിങ്ങനെ കാണുന്ന നേരത്ത്

മത്സരിക്കുന്നതെന്തിന്ന് നാം വൃഥാ'

തുടങ്ങി നിരവധി കവിതകൾ അനശ്വരമാക്കിയ മഹാകവിയുടെ സ്മാരകമായി ഈ സ്കൂൾ അപ്ഗ്രേഡ് ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. അത് കേരളാ ഗവൺമെന്റിന് അഭിമാനവും വിദ്യാഭ്യാസ വകുപ്പിന് ഒരു അലങ്കാരവുമായിരിക്കും. ഈ കാര്യം പൂന്താനം സ്മാരക സമിതി നേരിട്ട് അറിയിച്ചതാണ്. അതുകൊണ്ട് ഈ സ്കൂളിനെ ഒരു ഹൈസ്കൂളായി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): സർ, 1960-ൽ രൂപീകരിക്കപ്പെട്ട പൂന്താനം സ്മാരക സമിതിയാണ് മലപ്പുറം ജില്ലയിലെ കീഴാറ്റൂർ പൂന്താനം സ്മാരക എയ്ഡഡ് അപ്പർ പ്രൈമറി വിദ്യാലയം സ്ഥാപിച്ചത്. സ്കൂളിന് ഒരേക്കർ സ്ഥലമുണ്ട്. ഈ സ്കൂളിൽ നിലവിൽ അഞ്ച്, ആറ്, ഏഴ് ക്ലാസ്സുകളിലായി

278 വിദ്യാർത്ഥികൾ പഠിക്കുന്നു. പ്രധാന അദ്ധ്യാപകൻ ഉൾപ്പെടെ പതിമൂന്ന് അദ്ധ്യാപകരും ഒരു അനദ്ധ്യാപക ജീവനക്കാരനും ഈ സ്കൂളിൽ ജോലിനോക്കിവരുന്നു. വേണ്ടത്ര സാഹചര്യങ്ങളോടുകൂടിയ ക്ലാസ്സ് മുറികൾ, കമ്പ്യൂട്ടർ ലാബ്, സ്കൂൾ ലൈബ്രറി, യാത്രാസൗകര്യത്തിനായി സ്കൂൾ ബസ്, വൈദ്യുതി, കുടിവെള്ള സൗകര്യം എന്നിവയോടുകൂടി യാതൊരു പരാതിക്കും ഇടയില്ലാത്ത രീതിയിൽ ഈ സ്കൂൾ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു. ഭൂരിഭാഗവും നിർദ്ധന വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളാണ് അവിടെ പഠിക്കുന്നത്. ഇവർക്ക് സ്കൂൾ മാനേജ്മെന്റ് സൗജന്യ യൂണിഫോം നൽകിവരുന്നു. സ്കൂൾ സർക്കാർ ഏറ്റെടുക്കണമെന്ന് അഭ്യർത്ഥിച്ച് പൂന്താനം സംരക്ഷണസമിതി ജനറൽ സെക്രട്ടറി സർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ മലപ്പുറം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് അയച്ചുകൊടുത്തിരിക്കുകയാണ്. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ട് ലഭിച്ചതിനുശേഷം ഇക്കാര്യത്തിൽ താമസംവിനാ തീരുമാനം കൈക്കൊള്ളുന്നതാണ്.

## സർക്കാർ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യൽ

ശ്രീ. സി. മമ്മൂട്ടി: സർ, സംസ്ഥാനത്തെ വിദ്യാഭ്യാസരംഗവും വിദ്യാഭ്യാസ

നിലവാരവും ഉന്നത വിദ്യഭ്യാസ രംഗവും വികാസം പ്രാപിച്ചപ്പോഴും പ്രാഥമിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, എൽ.പി.സ്കൂൾ ഇവയൊക്കെ യു.പി.സ്കൂളായി അപ്ഗ്രേഡ് ചെയ്യണമെന്ന് പറയേണ്ടിവരുന്ന തലത്തിലേയ്ക്ക് എത്തിനിൽക്കുന്നത് നമുക്ക് നാണക്കേടാണ്. ഒരു ഭാഗത്ത് അൺഇക്കണോമിക് ആണെന്ന് പറഞ്ഞ് സ്കൂളുകൾ അടച്ചുപൂട്ടുമ്പോൾ പിന്നോക്ക മലയോര മേഖലയിൽ നിയമസഭാസമിതി നടത്തിയ പര്യടനത്തിൽ നിന്ന് മനസ്സിലാക്കിയ സത്യങ്ങൾ ഉൾക്കൊള്ളിച്ച് നിയമസഭാ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അഞ്ച് കിലോമീറ്ററിനുള്ളിൽ ഹൈസ്കൂളും, മൂന്ന് കിലോമീറ്ററിനുള്ളിൽ യു.പി.സ്കൂളും ഒരു കിലോമീറ്ററിനുള്ളിൽ എൽ.പി. സ്കൂളുമെന്ന വിദ്യാഭ്യാസ അവകാശ നിയമം നിലവിൽവന്നു. പക്ഷേ ആവശ്യത്തിന് അദ്ധ്യാപകരുണ്ട്, പല പ്രദേശത്തുനിന്നും അനേകം കുട്ടികൾ പഠിക്കുന്ന സർക്കാർ സ്കൂളുകൾ യു.പി. ആയി ഉയർത്താത്തതുകാരണം കുട്ടികൾക്ക് ഏഴും എട്ടും കിലോമീറ്റർ സഞ്ചരിക്കേണ്ടതായി വരുന്ന സ്കൂളുകളുണ്ടെന്ന് നേരിട്ട് ബോധ്യപ്പെട്ടിട്ടുണ്ട്. അങ്ങനെയുള്ള സർക്കാർ സ്കൂളുകൾ പരിശോധിച്ച് അത്തരം എൽ.പി.സ്കൂളുകൾ യു.പി. സ്കൂളായും, യു.പി.സ്കൂളുകൾ ഹൈസ്കൂളായും അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. പല പാവപ്പെട്ട വിദ്യാർത്ഥികളും വിദ്യഭ്യാസത്തിനായി ആശ്രയിക്കുന്നത് ഇത്തരം

സർക്കാർ സ്കൂളുകളെയാണ്. അടുത്ത് സ്കൂളില്ലാത്തതിന്റെ പേരിൽ ഡ്രോപ്പ് ഔട്ടാകുന്ന ആദിവാസി കുട്ടികൾ പഠിക്കുന്ന സ്കൂളുകളും അക്കൂട്ടത്തിലുണ്ട്. ഇത്തരത്തിൽ കമ്മിറ്റിയെ ഞെട്ടിപ്പിക്കുന്ന പല വിവരങ്ങളും നേരിട്ട് ബോധ്യപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് അവിടെ സ്വകാര്യ സ്ഥാപനങ്ങൾ, അൺറെക്കഗനൈസിഡ് സ്കൂളുകൾ തുടങ്ങാനുള്ള നീക്കങ്ങൾ നടത്തുകയും അതിലൂടെ കുട്ടികളെ ചൂഷണം ചെയ്യാനുള്ള ശ്രമം നടത്തുകയും ചെയ്യുന്നു. പലർക്കും പഠിക്കാൻ പോകാത്ത അവസ്ഥയുണ്ടാകുന്നു. ഈ ഗുരുതരമായ അവസ്ഥ മനസ്സിലാക്കി കേരളത്തിലെ ഏറ്റവും അനിവാര്യമായിട്ടുള്ളതും ഗ്രാമപ്പഞ്ചായത്ത് മറ്റ് ഭൗതിക സൗകര്യങ്ങൾ ഒരുക്കാമെന്ന് ഏറ്റിട്ടുള്ളതും, അദ്ധ്യാപകന്മാർക്ക് ഒരു നയാപൈസപോലുമില്ലാതെ അദ്ധ്യാപക ബാങ്കിൽ നിന്നും നിയമനം കൊടുക്കാൻ അവസരമുണ്ടായിട്ടും ഈ നടപടി സ്വീകിരിക്കാത്തതിൽ വിഷമമുണ്ട്. അതുകൊണ്ട് ഇത്തരം അനിവാര്യമായ സ്ഥലങ്ങൾ കണ്ടെത്തി അവിടെയെല്ലാം പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകൾ എൽ.പി. യു.പി യായും യു.പി.സ്കൂളുകൾ ഹൈസ്കൂളായും സർക്കാർ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ.പി.കെ. അബ്ദു റബ്ബ്) : സർ, പുതിയ സ്കൂളുകൾ തുടങ്ങുമ്പോൾ നിലവിലുള്ള സ്കൂളുകൾ ഉയർത്തുന്നത് സംബന്ധിച്ച് നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടത് കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം V ചട്ടം II, II (a) എന്നിവയിൽ പ്രതിപാദിച്ചിരിക്കുന്ന നടപടിക്രമങ്ങൾ അനുസരിച്ചാണ്. അതുപ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആവശ്യമുള്ള സ്ഥലം കണ്ടെത്തി ഗസറ്റ് വിജ്ഞാപനം ചെയ്തതിനുശേഷം അപേക്ഷകൾ സ്വീകരിച്ച് നടപടി എടുക്കേണ്ടതുണ്ട്. സംസ്ഥാന സർക്കാർ എയ്ഡഡ് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ച് സർക്കാർ ഇതുവരെ നയപരമായ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടില്ല. 13.06.2007-ലെ G.O. (P) 107/2007 പൊതുവിദ്യാഭ്യാസ വകുപ്പ് നമ്പർ ഉത്തരവ് പ്രകാരം സാധാരണ ഗതിയിൽ പുതിയ സ്കൂളുകൾ തുടങ്ങുന്നതും അപ്ഗ്രേഡ് ചെയ്യുന്നതും വിലക്കിയിട്ടുണ്ട്. പിന്നോക്ക സമുദായ ക്ഷേമ സമിതിയുടെ 2014-2016 ഒൻപതാം റിപ്പോർട്ടിൽ നൂറു മുതൽ നൂറ്റിമുപ്പതു വർഷം വരെ പഴക്കമുള്ളതും അപ്ഗ്രേഡേഷൻ നടത്താൻ ആവശ്യമായ എല്ലാ ഭൗതിക സാഹചര്യങ്ങളുമുള്ളതുമായ സർക്കാർ എൽ.പി.സ്കൂളുകൾ 2015-2016 അദ്ധ്യയനവർഷത്തിൽ തന്നെ അപ്ഗ്രഡേഷൻ നടത്തണമെന്നും ഇപ്രകാരമുള്ള വയനാട് ജില്ലയിലെ കെല്ലൂർ ഗവൺമെന്റ് എൽ.പി.സ്കൂൾ, നെല്ലിയമ്പം ഗവൺമെന്റ് എൽ.പി. സ്കൂൾ, കുഞ്ഞോം ഗവൺമെന്റ് എൽ.പി. സ്കൂൾ, പള്ളിക്കൽ

ഗവൺമെന്റ് എൽ.പി. സ്കൂൾ  എന്നിവ യു.പി. സ്കൂളായി ഉയർത്തണമെന്നും സമിതി ശിപാർശ ചെയ്തിട്ടുള്ളതാണ്.  മേൽ പരാമർശിച്ച സ്കൂളുകളിൽ കുഞ്ഞോം ഗവൺമെന്റ് എൽ.പി. സ്കൂൾ ഒരു പ്രത്യേക കേസായി പരിഗണിച്ച് യു.പി. സ്കൂളായി ഉയർത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.  മറ്റ് സ്കൂളുകൾ യു.പി.സ്കൂളായി ഉയർത്തണമെന്ന സമിതിയുടെ ശിപാർശ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.  സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ച് നയപരമായ തീരുമാനം സർക്കാർ ഇതുവരെ കൈക്കൊണ്ടിട്ടില്ലെങ്കിലും വിദ്യാഭ്യാസ ആവശ്യകത അഥവാ Educational need ഉണ്ടെന്ന് ബോധ്യമായിട്ടുള്ളതും ഏറ്റവും ആവശ്യമായ പ്രദേശങ്ങളിൽ മേൽ ചട്ടങ്ങൾക്കും ഉത്തരവുകൾക്കും ഇളവ് നൽകിക്കൊണ്ടും സ്കൂളുകൾ അപ്ഗ്രേഡ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം 2015-2016 അദ്ധ്യയന വർഷത്തിൽ തീരദേശ- മലയോര-പിന്നാക്ക പ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന ആറ് സർക്കാർ എൽ.പി.സ്കൂളുകളും രണ്ട് എയ്ഡഡ് എൽ.പി. സ്കൂളുകളും യു.പി.സ്കൂളുകളായി ഉയർത്തുകയുണ്ടായി.  നിയമസഭാ സമിതി ശിപാർശ ചെയ്ത മൂന്ന് സ്കൂളുകൾ ഉൾപ്പടെ നാല് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നിർദ്ദേശം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.  വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ പുതിയ സ്കൂളുകൾ തുടങ്ങുന്നതിനോ നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ്

ചെയ്യുന്നതിനോ വിദ്യാഭ്യാസ ആവശ്യകത സംസ്ഥാനത്തുടനീളം നടപ്പാക്കുന്ന സ്കൂൾ മാപ്പിംഗിലൂടെ കണ്ടെത്തേണ്ടതുണ്ട്. തുടർന്ന് ഏറ്റവും ആവശ്യമായിട്ടുള്ള സ്ഥലങ്ങളിൽ പുതിയ സ്കൂളുകൾ ആരംഭിക്കുന്നതിനും നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനും നയപരമായ തീരുമാനം എടുത്തതിനുശേഷം മാത്രമേ വിജ്ഞാപനം പുറപ്പെടുവിക്കാൻ കഴിയൂ. ഇപ്രകാരം വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തുന്നതിനുള്ള സ്കൂൾ മാപ്പിംഗ് സർവ്വ ശിക്ഷാ അഭിയാന്റെ നേതൃത്വത്തിൽ പൂർത്തിയായി വരുന്നുണ്ട്. അതേസമയം വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തുന്നതിനുള്ള ശാസ്ത്രീയമായ പഠനം പൂർത്തീകരിച്ചിതിനുശേഷംമാത്രമേ നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള അപേക്ഷയും തുടർ നടപടികളും സ്വീകരിക്കേണ്ടതുള്ളൂവെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി 18.06.2015-ലെ 3060/14 നമ്പർ റിട്ട് ഹർജിയിലെ വിധിന്യായത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാരിന് വളരെയേറെ സാമ്പത്തിക ബാധ്യതയുണ്ടാകുന്ന വിഷയമായതിനാൽ അക്കാര്യത്തിൽ ശാസ്ത്രീയമായ പഠനം നടത്തേണ്ടത് അത്യന്താപേക്ഷിതമാണ്. മേൽപ്രകാരം സർവ്വ ശിക്ഷാ അഭിയാന്റെ നേതൃത്വത്തിൽ നടത്തുന്ന സ്കൂൾ സർവ്വേ മാപ്പിംഗ് പൂർത്തിയാക്കിയശേഷം വിദ്യാഭ്യാസ ആവശ്യകത കണക്കിലെടുത്ത് ഇക്കാര്യത്തിലുള്ള കോടതി വിധിയുടെ വെളിച്ചത്തിൽ അനിവാര്യമായ സ്ഥലങ്ങളിൽ

സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതുൾപ്പടെയുള്ള നടപടികൾ സ്വീകരിക്കുക വഴി വിദ്യഭ്യാസ അവകാശ നിയമം ശരിയായ രീതിയിൽ തന്നെ നടപ്പിലാക്കുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം.

<u>അൺഎയ്ഡഡ് കോളേജുകളിൽ ആനുകൂല്യങ്ങൾ നിഷേധിക്കൽ</u>

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : സർ, സ്വാശ്രയ കോളേജുകളിൽ ഡിഗ്രി, പി.ജി. കോഴ്സുകൾ പഠിക്കുന്ന എസ്.സി/എസ്.റ്റി/ഒ.ഇ.സി. വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ലഭ്യമായിക്കൊണ്ടിരിക്കുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ചില ഉപാധികളുടെ അടിസ്ഥാനത്തിൽ പൂർണ്ണമായും നിഷേധിച്ചിരിക്കുന്ന സാഹചര്യം ഒഴിവാക്കാൻവേണ്ടിയാണ് ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽ ഈ സബ്മിഷൻ കൊണ്ടുവരുന്നത്. കേരള യൂണിവേഴ്സിറ്റിയുടെ നിയന്ത്രണത്തിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും 2011-12 അദ്ധ്യയനവർഷം കുട്ടികൾക്ക് അഡ്മിഷൻ നൽകിവരുന്നത് അതാത് കോളേജുകളിൽ ലഭിച്ചുകൊണ്ടിരുന്ന അപേക്ഷകളുടെ റാങ്ക് ലിസ്റ്റ് മെരിറ്റടിസ്ഥാനത്തിൽ തയ്യാറാക്കി ആ റാങ്ക് ലിസ്റ്റിൽ നിന്നായിരുന്നു. അങ്ങനെ അഡ്മിഷൻ ലഭിച്ചിരുന്ന എസ്.സി/എസ്.റ്റി/ഒ.ഇ.സി വിദ്യാർത്ഥികൾക്ക് അവരുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കുവേണ്ടിയുള്ള അപേക്ഷകൾ ബന്ധപ്പെട്ട രേഖകൾ സഹിതം പട്ടികജാതി വികസന ഓഫീസിലേക്ക് അയച്ചു കൊടുക്കുകയും

അതിന്റെ അടിസ്ഥാനത്തിൽ അവർക്ക് ആനുകൂല്യങ്ങൾ ലഭിക്കുകയും ചെയ്തിരുന്നു. എന്നാൽ 2012-13 അദ്ധ്യയനവർഷം മുതൽ യൂണിവേഴ്സിറ്റിയിൽ നിന്നും ഓൺലൈനിലൂടെ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾക്കുമാത്രമേ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുകയുള്ളൂവെന്ന് പട്ടികജാതി വികസന ഓഫീസർ അതാത് കേളേജുകളെ അറിയിക്കുകയും അതിൻപ്രകാരം 2010-11 വർഷം അഡ്മിഷൻ നേടിയ വിദ്യാർത്ഥികളുടെ മൂന്നാം വർഷത്തേയും 2011-12 വർഷം അഡ്മിഷൻ നേടിയ വിദ്യാർത്ഥികളുടെ രണ്ടും മൂന്നും വർഷത്തേയും വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നിഷേധിച്ചിരിക്കുകയാണ്. കേരള യൂണിവേഴ്സിറ്റിയിൽ ഓൺലൈൻ അലോട്ടുമെന്റ് സംവിധാനം 2012-13 അദ്ധ്യയനവർഷം ആരംഭിച്ചിരിക്കെ, 2010-11, 2011-12 വർഷങ്ങളിൽ കോളേജുകളിൽ മുൻ കീഴ്വഴക്കമനുസരിച്ച് തയ്യാറാക്കിയ മെരിറ്റ് ലിസ്റ്റിൽ നിന്നും അഡ്മിഷൻ നേടി പഠിച്ചുകൊണ്ടിരുന്ന എസ്.സി./എസ്.റ്റി/ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി അലോട്ടുമെന്റിന്റെ ന്യായം പറഞ്ഞ് ആനുകൂല്യങ്ങൾ നിഷേധിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ അന്ന് ഈ സ്ഥാപനങ്ങളിൽനിന്ന് വിജയിച്ച കുട്ടികൾക്ക് ആ സ്ഥാപനങ്ങളിൽ നിന്ന് സർട്ടിഫിക്കറ്റോ റ്റി.സി. യോ ലഭിക്കുന്നില്ല. അതുകൊണ്ട് അവർക്ക് ഉയർന്ന വിദ്യാഭ്യാസത്തിന് പോകുന്നതിനോ ജോലിക്കുവേണ്ടി ഇന്റർവ്യൂവിനോ ഹാജരാകുൻ

കഴിയാത്ത സാഹചര്യമാണുള്ളത്. പാവപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ/ഒ.ഇ.സി. വിദ്യാർത്ഥികൾ ഫീസ് കൊടുത്തെങ്കിൽമാത്രമേ ഇതു കൊടുക്കുവെന്നുള്ള നിലയിലാണ് സ്വാശ്രയകോളേജുകളിലെ അധികാരികൾ പെരുമാറുന്നത്. അതുകൊണ്ട് അടിയന്തരമായി ഇതിനൊരു പരിഹാരമുണ്ടാക്കി ഈ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിച്ചുകൊണ്ട് അവർക്ക് സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനും അവരുടെ വിദ്യാഭ്യാസവും ജോലി സുരക്ഷയും ഉറപ്പാക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) : സർ, സർക്കാർ, എയ്ഡഡ് മേഖലയിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/ഒ.ഇ.സി. വിഭാഗം വിദ്യാർത്ഥികൾക്കും സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ മെരിറ്റ് സീറ്റിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്കും എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും നൽകിവരുന്നു. എന്നാൽ 2.7.2009-ലെ പട്ടികജാതി വികസന വകുപ്പ് ഉത്തരവുപ്രകാരം അൺഎയ്ഡഡ് സ്ഥാപനങ്ങളിൽ അൺഎയ്ഡഡ് കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ മാനേജ്മെന്റ് സീറ്റിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കാൻ

കഴിയുകയില്ല. ഇത് അൺഎയ്ഡഡ് സ്ഥാപനങ്ങളിൽ അൺഎയ്ഡഡ് കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 2.7.2009 ഉത്തരവിലെ നിബന്ധനകളിൽ ഭേദഗതി വരുത്തുന്ന കാര്യം ഗവൺമെന്റ് പരിശോധിച്ചുവരുന്നു. ഈ സാഹചര്യത്തിലാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച കാര്യങ്ങളിൽ ചില പ്രയാസങ്ങൾ ഉണ്ടായിട്ടുള്ളത്. ആ പ്രയാസങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് എടുത്തിട്ടുള്ള ഒരു തീരുമാനം എന്നു പറയുന്നത്, ഏതു മേഖലയിലായാലും പട്ടികജാതി/പട്ടികവർഗ്ഗ/ഒ.ഇ.സി. വിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികൾ ഗവൺമെന്റോ എയ്ഡഡോ അൺഎയ്ഡഡോ ആയ ഏത് സ്ഥാപനങ്ങളിൽ പഠിച്ചു കഴിഞ്ഞാലും അവർക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുവാനുള്ള തീരുമാനം ഗവൺമെന്റ് ഇതിനകം എടുത്തുകഴിഞ്ഞു. ഈ ആഴ്ചതന്നെ അതിന്റെ ഉത്തരവ് ഇറങ്ങുന്നതാണ്. എം.ബി.ബി.എസ്./എഞ്ചിനീയറിംഗ് കോളേജുകൾ ഉൾപ്പെടെ ഏറ്റവും പ്രധാനമായ ആവശ്യം എന്നു പറയുന്നത് മെരിറ്റിലൂടെ ലഭ്യമാകുന്ന സീറ്റുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ആനുകൂല്യം ലഭിച്ചിരുന്നത്. അത് മാനേജ്മെന്റ് ക്വാട്ടയിലൂടെ വരുന്ന വിദ്യാർത്ഥികൾക്കും എം.ബി.ബി.എസ്/എഞ്ചിനീയറിംഗ്

പ്രൊഫഷണൽ കോഴ്സുകൾക്ക് ഫീസ് ഒരു നിബന്ധനയുടെ അടിസ്ഥാനത്തിൽ അതായത്, 2.5 ലക്ഷം രൂപയ്ക്കു താഴെ വരുമാനമുള്ളവർക്ക് കേന്ദ്ര ഗവൺമെന്റിന്റെ സ്കോളർഷിപ്പിലൂടെയും അഞ്ചു ലക്ഷം രൂപവരെ വരുമാനമുള്ളവർക്ക് എം.ബി.ബി.എസിനുള്ള ഫീസിന്റെ 50 ശതമാനം അല്ലെങ്കിൽ രണ്ടുലക്ഷം രൂപ എഞ്ചിനീയറിംഗിനുള്ള ഫീസിന്റെ 50 ശതമാനം അല്ലെങ്കിൽ 50,000 രൂപ ഏതാണോ കുറവ് അത് നൽകുവാനുള്ള തീരുമാനം എടുത്തിട്ടുണ്ട്. എസ്.സി വിഭാഗത്തെ സംബന്ധിച്ചിടത്തോളം എത്രയോ വർഷങ്ങളായി ആവശ്യപ്പെടുന്ന കാര്യമാണ്. ആ ഒരു തീരുമാനം കൂടി ഗവൺമെന്റ് എടുത്തിട്ടുണ്ടെന്ന് സൂചിപ്പിക്കുന്നു. ഏതെങ്കിലും ഇൻസ്റ്റിറ്റ്യൂഷനിൽ 2010-11 ആയതുകൊണ്ട് ആ കാലഘട്ടത്തിൽ പഠിച്ച കുട്ടികൾക്ക് എന്തുകൊണ്ട് കിട്ടാതെപോയി എന്ന് അന്വേഷിക്കുവാനും അത് നൽകുവാനുമുള്ള ആവശ്യമായ നടപടികൂടി സ്വീകരിക്കുമെന്ന് അറിയിച്ചുകൊള്ളുന്നു.

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, മാനേജ്മെന്റ് നിശ്ചയിക്കുന്ന ഫീസാണോ ഗവൺമെന്റ് നിശ്ചയിക്കുന്ന ഫീസാണോ നൽകുന്നത് ?

<u>ശ്രീ. എ. പി.അനിൽകുമാർ</u> : സർ, ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള ഫീസിന്റെ 50 ശതമാനം.

<u>ശ്രീ. എ. കെ. ബാലൻ :</u> സർക്കാർ നിശ്ചയിക്കുന്ന ഫീസ് കൊടുത്തുകൂടേ ?

ശ്രീ. എ. പി.അനിൽകുമാർ: സെൽഫ് ഫിനാൻസിംഗ് ഇൻസ്റ്റിറ്റ്യൂഷനുകളിൽ ഏതാണ്ടൊക്കെയുണ്ട്. പക്ഷേ ഡീംഡ് യൂണിവേഴ്സിറ്റികളിൽ ധാരണകളില്ല. അത്തരം സ്ഥലങ്ങളിൽ ലിമിറ്റ് ചെയ്ത് രണ്ട് ലക്ഷം രൂപ കൊടുക്കും.

ശ്രീ. എ. കെ. ബാലൻ : സർക്കാർ സ്ഥാപനങ്ങളിലെ ഫീസ് നൽകിക്കൂടേ ?

ശ്രീ. എ. പി.അനിൽകുമാർ: എഗ്രിമെന്റുള്ള സ്ഥലങ്ങളിൽ ഗവൺമെന്റ് നിശ്ചയിക്കുന്ന ഫീസുമാത്രമേ കൊടുക്കാൻ സാധിക്കുകയുള്ളൂ. ഡീംഡ് യൂണിവേഴ്സിറ്റികളിൽ ഗവൺമെന്റ് ഫീസ് നിശ്ചയിച്ചിട്ടില്ല. അത്തരം ഒരു ധാരണ ഇല്ല. ഇപ്പോൾ സെൽഫ് ഫിനാൻസിംഗ് കോളേജുകളിലുണ്ട്.

ശ്രീ. എ. കെ. ബാലൻ : മാനേജ്മെന്റ് നിശ്ചയിക്കുന്ന ഫീസിന്റെ പകുതിയാണോ ഉദ്ദേശിക്കുന്നത് ?

ശ്രീ. എ. പി. അനിൽകുമാർ: ഗവൺമെന്റ് സ്ഥാപനത്തിലെ ഫീസ് വളരെ പരിമിതമാണ്. ഗവൺമെന്റ് ഫീസ് കൊടുത്തു കഴിഞ്ഞാൽ കുട്ടികൾക്ക് ഒന്നും പര്യാപ്തമാകുകയില്ല. മനേജ്മെന്റ് നിശ്ചയിക്കുന്ന ഫീസിന്റെ പകുതി അല്ലെങ്കിൽ പരമാവധി രണ്ടുലക്ഷം രൂപ ലഭിക്കും.

## ചെല്ലാനം മിനി ഷിപ്പിംഗ് ഹാർബർ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഏതാനും വർഷങ്ങൾക്കുമുമ്പ്

ആരംഭിച്ച ചെല്ലാനത്തെ ഫിഷിംഗ് ഹാർബറിന്റെ പണി ഇപ്പോൾ സമരം കാരണം മുടങ്ങിക്കിടക്കുകയാണ്. അവിടെ പുലിമുട്ടും അതുപോലെ മറ്റ് സംവിധാനങ്ങളും ഒരുക്കിയതിന്റെ പേരിൽ നൂറുകണക്കിന് വള്ളങ്ങൾ അടുക്കുന്നുണ്ട്. അവിടെ ചരക്ക് ഇറക്കിവയ്ക്കുന്ന സ്ഥലം സ്വകാര്യ വ്യക്തികളുടേതാണ്. അതുകൊണ്ടുതന്നെ ആ സ്വകാര്യ വ്യക്തികൾ നാളെ അത് അനുവദിച്ചില്ലെങ്കിൽ അവിടെ ഒരു സ്തംഭനാവസ്ഥ വീണ്ടുമുണ്ടാകും. ലാന്റ് അക്വിസിഷനുവേണ്ടിയുള്ള 4(1) നോട്ടിഫിക്കേഷൻ കഴിഞ്ഞിരിക്കുന്നു. പക്ഷേ, പണം അനുവദിച്ചിട്ടില്ല. റോഡ് നിർമ്മിക്കണമെന്നുണ്ടെങ്കിൽ 9 വീട്ടുകാരെ മാറ്റിപാർപ്പിക്കേണ്ടിയിരിക്കുന്നു. 9 വീട്ടുകാരെ മാറ്റിപ്പാർപ്പിക്കണമെങ്കിലും അതിന് പണം കണ്ടെത്തണം. ഏകദേശം പത്തുകോടിയോളം രൂപ ഇതിന് വേണ്ടിവരും. അതുപോലെ അതിന്റെ സെക്കന്റ് ഫേസ് ടെണ്ടർ നടന്നുവെന്ന് അറിയാൻ കഴിഞ്ഞു. പക്ഷേ, അതിന്റെ പണിയും ആരംഭിച്ചിട്ടില്ല. അതുകൊണ്ട് അടിയന്തരമായി ഒരു ഉന്നതതലയോഗം വിളിച്ചുകൂട്ടി ഈ പ്രശ്നം ചർച്ച ചെയ്യാനും വീട്ടുകാരെ മാറ്റിപാർപ്പിക്കുവാനും ലാന്റ് അക്വിസിഷന് പണം കണ്ടെത്താനും സർക്കാർ ശ്രമിക്കണമെന്നും ഞാൻ ആവശ്യപ്പെടുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, നബാർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന ചെല്ലാനം

മത്സ്യബന്ധനതുറമുഖത്തിന്റെ രണ്ടാംഘട്ട വികസനത്തിനുവേണ്ടി ഭരണാനുമതി ലഭിച്ച 29 കോടി 90 ലക്ഷം രൂപയുടെ അടിസ്ഥാനത്തിൽ ഈ പദ്ധതിയിലെ തെക്കേപുലിമുട്ട് 570 മീറ്ററും വടക്കേ പുലിമുട്ട് 150 മീറ്ററും പൂർത്തീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയിലെ മറ്റു ഘടകങ്ങളായ വാർഫ്, ലേല ഹാൾ, അപ്രോച്ച് റോഡ്, ഇന്റേണൽ റോഡ്, ഓട എന്നിവ നടപ്പിലാക്കുന്നതിനായി 171.3 ആർ സ്ഥലമെടുക്കുന്നതിന് അനുമതി നൽകിയതുപ്രകാരം ഈ റവന്യൂവകുപ്പിൽനിന്നും സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്ന നടപടി താലൂക്ക് സർവ്വേയറുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. രണ്ടാംഘട്ടമായി വീട് നിൽക്കുന്ന വസ്തുക്കൾ ഏറ്റെടുക്കുന്ന നടപടി ത്വരിതപ്പെടുത്താനും തീരുമാനിച്ചു. ഹാർബറിലേക്ക് പോകുന്ന 4 മീറ്റർ വീതിയുള്ള വഴിയിലെ തെക്കുഭാഗത്തു താമസിക്കുന്നവരെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ മാറ്റി പാർപ്പിക്കുകയും തെക്കുഭാഗത്തായി സ്ഥിതിചെയ്യുന്ന മൂന്നു മീറ്റർ വീതിയുള്ള ഫുട്പാത്ത് 8.50 മീറ്റർ വീതിയിൽ റോഡ് നിർമ്മാണം നടത്തുവാനുമാണ് 17.5.2013-ൽ ജില്ലാ കളക്ടർ ക്യാമ്പ് ഓഫീസിൽ ചേർന്ന യോഗത്തിൽ വച്ച് തീരുമാനമെടുത്തത്. അതുപ്രകാരം 130.23 ആർ സ്ഥലമാണ് ഏറ്റെടുക്കേണ്ടത്. ഇതനുസരിച്ച് പുതുക്കിയ പ്രൊപ്പോസൽ ഹൈ ലെവൽ കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും 5.9.2013-ൽ ഹൈലെവൽ

കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു. 130.23 ആർ സ്ഥലം നെഗോഷ്യബിൾ പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിന് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. ഇതിലേയ്ക്കായി പത്തു കോടി രൂപ ആവശ്യമായി വരുമെന്ന് കൊച്ചി തഹസീൽദാർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഈ തുറമുഖത്തിന്റെ അനുബന്ധ ഘടകങ്ങൾ നടപ്പിലാക്കുന്നതിനും ആയതിലേക്ക് കുടിയൊഴുപ്പിക്കപ്പെടുന്നവരെ പുനരധിവസിപ്പിക്കുന്നതിനുമായി നെഗോഷ്യബിൾ പർച്ചേസ് പ്രകാരം പത്തു കോടി രൂപ ചെലവിൽ 130.2 ആർ സ്ഥലം ഏറ്റെടുക്കുന്ന പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ഇക്കാര്യത്തിൽ അടിയന്തരമായ ഒരു യോഗം വിളിച്ചുചേർക്കുന്നതാണ്.

## സർക്കാരിതര ഖാദി ജീവനക്കാർക്ക് പെൻഷൻ

ശ്രീ. കെ. മുരളീധരൻ: സർ, സർക്കാരിതര ഖാദി സ്ഥാപനങ്ങളിൽനിന്നും വിരമിച്ച ജീവനക്കാർക്ക് പ്രതിമാസം 2000/-രൂപവീതം പെൻഷൻ അനുവദിക്കണമെന്ന് ശ്രീ. ഗോപിനാഥൻ നായർ കമ്മിറ്റിയുടെ ശുപാർശ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുകയാണ്. പ്രസ്തുത കമ്മിറ്റിയുടെ 06.03.2012-ൽ നൽകിയ റിപ്പോർട്ട് സർക്കാർ അംഗീകരിച്ച് 2013 -2014 വർഷം മുതൽ 29 കോടിയോളം രൂപ വിവിധ

നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി ലഭ്യമാക്കിയെങ്കിലും വിരമിച്ചവർക്കുള്ള പെൻഷൻ പദ്ധതിമാത്രം ഇതുവരേയും പ്രാവർത്തികമാക്കിയിട്ടില്ല. ഇതുനിമിത്തം രാജ്യസേവനാർത്ഥം ജീവിതം സമർപ്പിച്ച അറുന്നൂറോളം മുൻകാല ഖാദി പ്രവർത്തകർ തീർത്തും അവശത അനുഭവിക്കുകയാണ്. സ്വാതന്ത്ര്യ സമരപ്രസ്ഥാനത്തിന്റെ ഭാഗമായാണ് നമ്മുടെ മുൻതലമുറയിൽപ്പെട്ടവർ ഖാദിപ്രവർത്തനങ്ങളിൽ പങ്കാളികളായത് എന്ന് നമുക്കെല്ലാവർക്കും അറിയാം. ഗാന്ധി സ്മാരകനിധി, സർവ്വോദയ സംഘങ്ങൾ, ഖാദി ആന്റ് വില്ലേജ് അസോസിയേഷൻ, ഖാദി ഫെഡറേഷൻ തുടങ്ങിയവയാണ് കേരളത്തിലെ പ്രമുഖ സർക്കാരിതര ഖാദിസ്ഥാപനങ്ങൾ. ഖാദി ബോർഡിലെ ജീവനക്കാർക്ക് ശമ്പളവും പെൻഷനും സർക്കാർ നേരിട്ട് നൽകുന്ന സാഹചര്യത്തിൽ ഇത്തരം സാമൂഹ്യപരിഷ്കരണ സ്ഥാപനങ്ങളിലൂടെ ഖാദി പ്രവർത്തകരായി ജീവിതം സമർപ്പിച്ചവരെ പൂർണ്ണമായും അവഗണിക്കുന്നത് നീതിപൂർവ്വമല്ല. അതിനാൽ സർക്കാരിതര ഖാദി സ്ഥാപനങ്ങളിൽനിന്നും വിരമിച്ച അറുന്നൂറോളം ജീവനക്കാർക്ക് പ്രതിമാസം 2000/- രൂപ വീതം പെൻഷൻ അനുവദിച്ചുനൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, സംസ്ഥാനത്തെ ഖാദി മേഖലയെക്കുറിച്ച് പഠിക്കുന്നതിനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതടക്കമുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായാണ് പ്രമുഖ ഗാന്ധിയനായ ശ്രീ. ഗോപിനാഥൻ നായർ അദ്ധ്യക്ഷനായുള്ള കമ്മിറ്റിയെ സർക്കാർ നിയോഗിച്ചത്. പ്രസ്തുത കമ്മിറ്റി 120 കോടി രൂപയുടെ ആധുനികവൽക്കരണ നിർദ്ദേശങ്ങളാണ് സമർപ്പിച്ചിട്ടുള്ളത്. അതിൽ 3230 പേർക്ക് പുതുതായി തൊഴിൽ നൽകുന്നതിനുള്ള 29 കോടി 46 ലക്ഷം രൂപയുടെ നിർദ്ദേശങ്ങൾ ആദ്യഘട്ടമായി നടപ്പിലാക്കാൻ തീരുമാനിക്കുകയും ഇതുവരെ 15 കോടി 21 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അതിൻപ്രകാരമുള്ള ആധുനികവൽക്കരണ പരിപാടികൾ പുരോഗമിച്ചുവരുന്നു. ഖാദി കമ്മീഷനും ഖാദി ബോർഡും കൂടാതെ സംസ്ഥാനത്ത് 25-ഓളം ഖാദി സ്ഥാപനങ്ങളാണ് പ്രവർത്തിച്ചുവരുന്നത്. അതിൽ 9 എണ്ണം സഹകരണ സ്ഥാപനങ്ങളാണ്. സർക്കാരിതര ഖാദി സ്ഥാപനങ്ങളിൽനിന്നും വിരമിച്ച പല ജീവനക്കാർക്കും പി.എഫ് പെൻഷനും സഹകരണ പെൻഷൻ ബോർഡുവഴിയുള്ള പെൻഷനും ലഭിച്ചുവരുന്നുണ്ട്. എന്നാൽ ഒരുതരത്തിലുള്ള പെൻഷനും ലഭ്യമാകാത്ത സരക്കാരിതര സ്ഥാപനങ്ങളിൽനിന്നും വിരമിച്ച ജീവനക്കാരും സംസ്ഥാനത്തുണ്ട്.

വ്യവസ്ഥാപിതമായ നിയമന ചട്ടങ്ങളും പെൻഷൻ ചട്ടങ്ങളും നിലവിലുള്ള ഖാദി ഗ്രാമ വ്യവസായ കമ്മീഷനിലേയും ഖാദിഗ്രാമ വ്യവസായ ബോർഡിലേയും വിരമിച്ച ജീവനക്കാർക്ക് പെൻഷനും മറ്റാനുകൂല്യങ്ങളും നൽകുന്നത് യഥാക്രമം കേന്ദ്ര-സംസ്ഥാന സർക്കാരുകളാണ്. സർക്കാരിൽനിന്നോ മറ്റുസ്ഥാപനങ്ങളിൽനിന്നോ യാതൊരു പെൻഷൻ ആനുകൂല്യങ്ങളും ലഭിക്കാത്ത അംഗീകൃത ഖാദി സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ നൽകുന്ന കാര്യം പരിഗണിക്കേണ്ടതാണെന്ന ശുപാർശ മാത്രമാണ് ശ്രീ. ഗോപിനാഥൻ നായർ കമ്മിറ്റി റിപ്പോർട്ടിലുള്ളത്. മാത്രമല്ല 120 കോടി രൂപ അടക്കമുള്ള ആധുനികവൽക്കരണ നിർദ്ദേശങ്ങൾ കമ്മിറ്റി സമർപ്പിച്ചിരുന്നുവെങ്കിലും പെൻഷൻ നൽകാൻവേണ്ടിയുള്ള തുകയൊന്നും ശുപാർശ ചെയ്തിട്ടില്ല. ശ്രീ. ഗോപിനാഥൻ നായർ അദ്ധ്യക്ഷനായുള്ള സമിതി റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി മൂന്ന് മേഖലായോഗങ്ങൾ നടത്തുകയുണ്ടായി. വിരമിച്ച ജീവനക്കാർക്ക് പ്രതിമാസം 2000/- രൂപ വീതം പെൻഷൻ നടപ്പാക്കുകയെന്നുള്ളത് മേഖലായോഗത്തിൽ ഉയർന്നുവന്ന ഒരാവശ്യം മാത്രമാണ്. സ്വാതന്ത്ര്യ സമരപ്രസ്ഥാനത്തിന്റെ ഭാഗമായും അല്ലാതെയും സാമൂഹ്യ പരിഷ്കരണ സ്ഥാപനങ്ങളിലൂടേയും ഖാദി പ്രവർത്തനത്തിലേർപ്പെടുകയും ജീവിതം സമർപ്പിക്കുകയും ചെയ്ത മുൻകാല

പ്രവർത്തകരുടെ ത്യാഗോജ്ജ്വലമായ സേവനം രാജ്യത്തിന് ഏറെ വിലപ്പെട്ടതും വിസ്മരിക്കാനാകാത്തതുമാണ്. 120 കോടി രൂപയുടെ പരിഷ്കരണ നിർദ്ദേശങ്ങളിൽ കേവലം 29 കോടി 46 ലക്ഷം രൂപയുടെ നിർദ്ദേശങ്ങൾ മാത്രമാണ് സർക്കാർ ഇപ്പോൾ അംഗീകരിച്ചിട്ടുള്ളത്. ശ്രീ. ഗോപിനാഥൻ നായർ കമ്മിറ്റി റിപ്പോർട്ട് പൂർണ്ണമായും നടപ്പാക്കുന്ന ഘട്ടത്തിൽ ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെട്ട പ്രകാരം സർക്കാരിതര ഖാദി സ്ഥാപനങ്ങളിൽനിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷൻ അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്.

<u>മേജർ ജില്ലാ റോഡുകൾ</u>

<u>ശ്രീ. സി. കൃഷ്ണൻ</u>: സർ, എന്റെ മണ്ഡലത്തിലെ ഗതാഗത മേഖലയുമായി ബന്ധപ്പെട്ട അതീവ ഗൗരവതരമായ പ്രശ്നം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. പയ്യന്നൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ഏതാണ്ട് 248 കിലോ മീറ്റർ ദൈർഘ്യമുള്ള മേജർ ഡിസ്ട്രിക്ട് റോഡുകളുണ്ട്. റോഡുകളുടെ ദൈർഘ്യത്തിനനുസരിച്ച് അതിന്റെ അറ്റകുറ്റപ്പണികൾക്കുള്ള ഫണ്ട് ഒരിക്കലും അനുവദിക്കാറില്ല. ഇതിൽ ഏതാണ്ട് 34 കിലോ മീറ്റർ ദൈർഘ്യമുള്ള ഏഴ് റോഡുകൾ പത്ത് വർഷത്തിലേറെക്കാലമായി റീ-ടാർ ചെയ്തിട്ടില്ല. മലയോര മേഖലയുമായി ബന്ധപ്പെട്ട് ഏറ്റവും കൂടുതൽ വാഹനങ്ങളോടുന്ന വെള്ളൂർ-

വാടിയോട്ടുചാൽ-പുളിങ്ങോം റോഡ്, ചെറുതാഴം-കുറ്റൂർ-പെരിങ്ങോം റോഡ്, പയ്യന്നൂർ നഗരമധ്യത്തിലൂടെ കടന്നുപോകുന്ന പയ്യന്നൂർ റെയിൽവേ സ്റ്റേഷൻ അപ്രോച്ച് റോഡ്, മേത്തുരുമ്പ- ചപ്പാരപ്പടവ് -കുറ്റൂർ റോഡ്, വെള്ളോറ- കക്കറ- കടുക്കാരം റോഡ്, സാമിമുക്ക് -പുത്തൂർ-പെരളം- വെള്ളൂർ റോഡ്, നാഷണൽ ഇസെഡ് റോഡായിട്ടുള്ള, കെ.എസ്.ആർ.ടി. സി. ബസ്സുകൾ മാത്രം സർവ്വീസ് നടത്തുന്ന കാങ്കോൽ-ചീമേനി റോഡ് ഇതെല്ലാം ഇതിൽപ്പെടുന്ന റോഡുകളാണ്. ഈ റോഡുകൾ നവീകരിക്കുന്നതിനാവശ്യമായ ഫണ്ട് നിരവധി തവണ ആവശ്യപ്പെട്ടുവെങ്കിൽപ്പോലും അനുവദിച്ചിട്ടില്ല. ഇതിന്റെ ഫലമായി മണ്ഡലത്തിലെ പ്രധാന റോഡ് കടന്നുപോകുന്ന ഭാഗങ്ങളിലെല്ലാം വലിയതോതിൽ ജനങ്ങളുടെ പ്രതിഷേധങ്ങളും അമർഷങ്ങളും പതഞ്ഞുപൊന്തിക്കൊണ്ടിരിക്കുകയാണ്. പയ്യന്നൂർ നഗരസഭാ അതിർത്തിയിൽ രാഷ്ട്രീയത്തിനതീതമായി നഗരസഭാ കൗൺസിലർമാരും തൊഴിലാളികളും പൊതുജനങ്ങളുമുൾപ്പെടെയുള്ളവർ പൊട്ടിപ്പൊളിഞ്ഞ റോഡുകൾ അഭിവൃദ്ധിപ്പെടുത്തണമെന്ന ആവശ്യങ്ങളുന്നയിച്ചുകൊണ്ട് പ്രക്ഷോഭങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. പയ്യന്നൂർ പട്ടണം ചെളിക്കുളമായി മാറിയിരിക്കുകയാണ്. മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടിയുള്ള അടിയന്തര

നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോടും ഈ സഭയോടും അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, സബ്മിഷനിൽ പരാമർശിച്ചിരിക്കുന്ന പയ്യന്നൂർ മണ്ഡലത്തിലെ പ്രധാന പൊതുമരാമത്ത് റോഡുകളായ മേത്തുരുമ്പ, ചപ്പാരപ്പടവ്, കുറ്റൂർ, വേള്ളോറ, കക്കറ, കടുക്കാരം, ചെറുതാഴം, കുറ്റൂർ, പെരിങ്ങോം, പയ്യന്നൂർ റെയിൽവേ സ്റ്റേഷന്റെ അപ്രോച്ച് റോഡ് എന്നിവയുടെ ഉപരിതലം പുതുക്കുന്നതിന്, ആവശ്യമായ ഭാഗങ്ങളിൽ ബി.എം.ആന്റ് ബി.സി ചെയ്യുന്നതിനുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഈ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. വെള്ളൂർ-പാടിയോട്ടുചാൽ-പുളിങ്ങോം റോഡിന്റെ പയ്യന്നൂർ മുതൽ ചെറുപുഴ വരെയുള്ള 35 കിലോമീറ്റർ ദൂരം സി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധരിക്കുന്നതിന് കേന്ദ്രാനുമതിക്കായി അയച്ചിട്ടുണ്ട്. കേന്ദ്രാനുമതി ലഭിക്കുന്നമുറയ്ക്ക് ഈ റോഡിന്റെ പുനരുദ്ധാരണം നടത്തുന്നതാണ്. പയ്യന്നൂർ മണ്ഡലത്തിൽ 10 വർഷവും അതിലധികവും കാലമായി റീ-ടാറിംഗ് നടത്താത്ത റോഡുകളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ റോഡുകളുടെ അറ്റകുറ്റപ്പണികൾ അപ്പപ്പോൾ

നടത്താറുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഈ റോഡുകളിൽ റീ-ടാറിംഗ് നടത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

റെയിൽവേ മേൽപ്പാലം

ശ്രീ. മോൻസ് ജോസഫ്: സർ, ഗതാഗതത്തിരക്കേറിയ കുറവിലങ്ങാട്-കുറുപ്പന്തറ-കല്ലറ-വെച്ചൂർ റോഡിൽ കുറുപ്പന്തറ റെയിൽവേ സ്റ്റേഷനുസമീപത്ത് റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന് സർക്കാർ സത്വര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കുറുപ്പന്തറ മേൽപ്പാലനിർമ്മാണ പദ്ധതി യു.പി.എ. സർക്കാർ 2013-ൽ അവതരിപ്പിച്ച റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് തുടർനടപടികൾക്കായി റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ ചുതലപ്പെടുത്തുകയും അലൈൻമെന്റ് നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. കോട്ടയം-അങ്കമാലി എം.സി. റോഡിനേയും കൊച്ചി-ആലപ്പുഴ വഴിയുള്ള ദേശീയപാത 47-നേയും തമ്മിൽ ബന്ധിപ്പിക്കുന്ന പ്രധാനറോഡിലാണ് കുറുപ്പന്തറ മേൽപ്പാലം നിർമ്മിക്കേണ്ടത്. പ്രസിദ്ധമായ മല്ലിയൂർ ക്ഷേത്രം, ദക്ഷിണേന്ത്യയിലെ സൂര്യദേവ ക്ഷേത്രമായ ആദിത്യപുരം ക്ഷേത്രം, കുറുപ്പന്തറയിലെ വിവിധ ആരാധനാലയങ്ങൾ, ഭരണങ്ങാനത്തെ വിശുദ്ധ

അൽഫോൻസാമ്മയുടേയും മാന്നാനത്തെ വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റേയും കബറിടങ്ങൾ- ഇവിടെയെല്ലാം പോകുന്ന തീർത്ഥാകർക്ക് ഏറ്റവും എളുപ്പവഴിയിൽ യാത്ര ചെയ്യാവുന്ന റോഡിലാണ് ഈ മേൽപ്പാലം യാഥാർത്ഥ്യമാകേണ്ടത്. അതുപോലെ പ്രമുഖ ടൂറിസ്റ്റ് കേന്ദ്രങ്ങളായ കുമരകം, ആലപ്പുഴ, ഇടുക്കി, തേക്കടി, മൂന്നാർ തുടങ്ങിയ സ്ഥലങ്ങളിലേയ്ക്കും ഇടുക്കി, ആലപ്പുഴ ജില്ലകളിലെ ജനങ്ങൾക്ക് സൗകര്യപ്രദമായി കടന്നുപോകാവുന്ന ഈ റോഡിൽ മേൽപ്പാലമില്ലാത്തത് ഗതാഗത തടസ്സത്തിനും ജനങ്ങൾക്ക് വളരേയേറെ ദുരിതത്തിനും ഇടവരുത്തിയിരിക്കുകയാണ്. ഇക്കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് കുറുപ്പന്തറയിൽ റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ കേന്ദ്ര റെയിൽവേ മന്ത്രാലയവുമായി ചർച്ച ചെയ്യുന്നതിനും സംസ്ഥാന ഗവൺമെന്റ് ഇതിനാവശ്യമായ ഫണ്ട് നീക്കിവയ്ക്കുന്നതിനും പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതോടൊപ്പംതന്നെ ഇതിന് സമീപത്തുതന്നെയാണ് പ്രധാന പാത കടന്നുപോകുന്ന കടുത്തുരുത്തിയിലെ മേൽപ്പാലം. ബഹുമാനപ്പെട്ട പി.ഡബ്ല്യൂ.ഡി. മന്ത്രിക്ക് നിവേദനം നൽകിയിട്ടുള്ളതാണ്. കടുത്തുരുത്തിയിൽ റെയിൽവേ മേൽപ്പാലത്തിനുള്ള സാധ്യതാ പഠനം നടത്തുവാനും കുറുപ്പന്തറയിൽ അനുവദിച്ചിരിക്കുന്ന റെയിൽവേ

മേൽപ്പാലം ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതിനും ബഹുമാനപ്പെട്ട മന്ത്രിയോടും ഗവൺമെന്റിനോടും അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, കുറുപ്പന്തറ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം 2013-2014-ലെ റെയിൽവേ വർക്ക് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിക്കായുള്ള സർവ്വേയും മണ്ണുപരിശോധനയും ഇതിനോടകംതന്നെ പൂർത്തിയാക്കിയിട്ടുണ്ട്. ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗ് (ജി. എ. ഡി.) തയ്യാറാക്കി റെയിൽവേയ്ക്ക് സമർപ്പിക്കുകയും ചെയ്തു. അതിന് റെയിൽവേയുടെ അംഗീകാരവും ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖാന്തിരം കിറ്റ്കോ-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വരുന്ന ആഗസ്റ്റ് 10-നകം ഡി.പി.ആർ. പൂർത്തിയാക്കാൻ കിറ്റ്കോ-യ്ക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്. ഡി.പി.ആർ. ലഭ്യമാകുന്ന മുറയ്ക്ക് മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകി മുന്നോട്ടുപോകുന്നതാണ്. അതോടൊപ്പംതന്നെ മുട്ടുചിറ-കല്ലറ റോഡിൽ റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള സാധ്യതാപഠനം അങ്ങയുടെ ആവശ്യപ്രകാരം ഉടനെ ആരംഭിക്കുന്നതാണ്.

<u>വടകര-ബാംഗ്ലൂർ റോഡ് ഗതാഗത യോഗ്യമാക്കൽ</u>

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, എന്റെ മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട റോഡിന്റെയും പാലത്തിന്റെയും വിഷയമാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. പ്രസ്തുത വിഷയങ്ങൾ സബ്മിഷനിലൂടെ പല തവണ ഞാൻ ഉന്നയിച്ചിട്ടുണ്ട്, അനുകൂലമായ മറുപടി മന്ത്രിയിൽനിന്ന് ലഭിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ അത് പ്രാവർത്തികമാകാത്തതിന്റെ അടിസ്ഥാനത്തിലാണ് ഈ വിഷയം വീണ്ടും ഇവിടെ ഉന്നയിക്കുന്നത്. വടകര-ബാംഗ്ലൂർ റോഡിലെ പക്രന്തളം-തൊട്ടിൽപ്പാലം-കുറ്റ്യാടി-നാദാപുരം വരെ സംസ്ഥാന പാതയും വടകര-മുട്ടുങ്കൽ വരെ എൻ.എച്ച്. 17-മാണ്. എന്നാൽ നാദാപുരം മുതൽ മുട്ടുങ്കൽവരെ 11 കി.മീ. റോഡ് എം.ഡി.ആർ. ആയി നിലനിൽക്കുകയാണ്. നാദാപുരം മുതൽ മുട്ടുങ്കൽ വരെയുള്ള 11 കി.മീ. റോഡ് നാദാപുരം-കുറ്റ്യാടി-വടകര എന്നീ മൂന്ന് മണ്ഡലങ്ങളിൽക്കൂടിയാണ് കടന്നുപോകുന്നത്. ഈ റോഡ് സംസ്ഥാന പാതയാക്കുന്നതോടൊപ്പം അതിനെ ബി.എം.ആന്റ് ബി.സി. റോഡാക്കി മാറ്റണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. അതിനാവശ്യമായ വീതി റോഡിന് ഇപ്പോൾ ഉണ്ട്. എങ്കിൽപ്പോലും ഓർക്കാട്ടേരി-പുതിയങ്ങാടി എന്നിവിടങ്ങളിൽ പരമാവധി വീതി ഇനിയും വർദ്ധിപ്പിക്കാൻ അവിടത്തെ വ്യാപാരികൾ തയ്യാറായിട്ടുണ്ട്. മറ്റിതര പ്രധാനപ്പെട്ട

കെട്ടിടങ്ങൾ പൊളിച്ചുമാറ്റാനുള്ള സംവിധാനവും അവിടത്തെ ജനങ്ങൾ ഇതുമായി സഹകരിക്കാനുള്ള സന്നദ്ധതയും അറിയിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ റോഡുകളെ ബി.എം.ആന്റ് ബി.സി. റോഡാക്കി മാറ്റുവാനുള്ള നടപടി സ്വീകരിക്കണം. അതോടൊപ്പം കോഴിക്കോട്-കണ്ണൂർ റോഡിനെ കണ്ണൂർ ജില്ലയുമായി ബന്ധിപ്പിക്കുന്ന തുരുത്തിമുക്ക് പാലമുണ്ട്. ആ പാലത്തിന്റെ പണി ആരംഭിക്കുകയും രണ്ട് പില്ലർ വാർക്കുകയും ചെയ്തതാണ്. അതിനുശേഷം ചില സാങ്കേതിക പ്രശ്നങ്ങളുണ്ടായി തടസ്സപ്പെട്ടിരിക്കുകയാണ്. മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു ഉന്നതതല യോഗം ചേരാനുള്ള നടപടി സ്വീകരിച്ചുകൊണ്ട് ആ പാലത്തിന്റെ പണികൂടി ആരംഭിക്കാനുള്ള സംവിധാനം ഒരുക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, നാദാപുരം മുതൽ മുട്ടുങ്കൽ വരെയുള്ള റോഡ് നിലവിൽ മേജർ ഡിസ്ട്രിക് റോഡാണ്. ഈ റോഡ് സംസ്ഥാന പാതയുടെ നിലവാരത്തിലേയ്ക്ക് ഉയർത്തണമെങ്കിൽ ചിലയിടങ്ങളിൽ സ്ഥലം ഏറ്റെടുക്കേണ്ടതായുണ്ട്. ഇതിനുള്ള പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ തയ്യാറാക്കി വരുന്നു. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. എന്നാൽ ഇതേ റോഡ് ബി.എം.ആന്റ് ബി.സി.

നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി 21 കോടി രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. തുരുത്തിമുക്ക് പാലം നിർമ്മാണത്തിന് മുമ്പ് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുള്ളതാണ്. എന്നാൽ സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാക്കാൻ സാധിക്കാത്തതുമൂലം പാലം പണി ആരംഭിക്കാനായില്ല. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പാലത്തിന്റെ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. ബഹുമാനപ്പെട്ട ഇ. കെ. വിജയൻ സ്ഥലം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## വാടി-മുളക്കട റോഡ്

ശ്രീ. പി. കെ. ഗുരുദാസൻ: സർ, വാടി-മുളക്കട റോഡ് 900 മീറ്റർ ദൂരമുള്ളതാണ്. 115 കുടുംബങ്ങളുടെ വീടും മതിലുമെല്ലാം ഇടിച്ചുപൊളിച്ചാണ് ആ റോഡിന് വീതി കൂട്ടിയിരിക്കുന്നത്. അവസാനം ഒരു കുരിശ്ശടിയും മാറ്റി. അപ്രകാരം വീതി കൂട്ടിയ ആ സ്ഥലം ഏറ്റവും ജനസാന്ദ്രതയുള്ളതാണ്. അതിന്റെ കിഴക്കുവശം മഹാറാണി മാർക്കറ്റാണ്, പടിഞ്ഞാറുവശം കൊല്ലം ജില്ലയിലെ ഏറ്റവും വലിയ ക്രിസ്ത്യൻ ദേവാലയമാണ്, മറുഭാഗത്ത് ഏറ്റവും വലിയ മുസ്ലീം പള്ളിയുമാണ്. ജനസാന്ദ്രത കൂടിയ പ്രസ്തുത സ്ഥലത്ത് ആ റോഡ് പുന:നിർമ്മിച്ചേ മതിയാകൂ. ഇന്ന്

സ്ത്രീകളും കുട്ടികളും എല്ലാവരും കൂടി അവിടെയുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ സത്യാഗ്രഹം നടത്തികൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി മുൻകയ്യെടുത്ത് പെട്ടെന്ന് തന്നെ അത് നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ മണ്ഡലത്തിൽ നിരവധി പദ്ധതികൾക്ക് ഫണ്ട് അനുവദിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചുകൊണ്ടിരിക്കുകയുമാണ്. മുളക്കട ജംഗ്ഷൻ മുതൽ വാടി വരെയുള്ള റോഡ് വികസനത്തിനായി 2009-ലാണ് നാല് കോടി രൂപയുടെ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിരുന്നത്. എന്നാൽ റോഡ് പണി ആരംഭിക്കുന്നതിന് സ്ഥലം ഏറ്റെടുക്കാൻ സാധിച്ചില്ല. സ്ഥലം കിട്ടിയില്ല എന്നുള്ളതാണ് പ്രധാന പ്രശ്നം. 2014-ൽ ഒരു കോടി 14 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിനോടനുബന്ധിച്ചുള്ള വൃക്ഷങ്ങളുടെ വില, എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ്, കെട്ടിടങ്ങളുടെ വില എന്നിവയ്ക്കായി 37.65 ലക്ഷം രൂപകൂടി ഈ ഫെബ്രുവരിയിൽ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത റോഡ് വികസനത്തിനായി ചീഫ് എഞ്ചിനീയർ സമർപ്പിച്ച 4 കോടി രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ആദ്യഅവസരത്തിൽ തന്നെ

കൊടുക്കുന്നതായിരിക്കും.

<u>അങ്കമാലി ബൈപ്പാസ് റോഡ്</u>

<u>ശ്രീ. ജോസ് തെറ്റയിൽ</u>: സർ, ഈ ഗവൺമെന്റ് വന്നതിനുശേഷം അങ്കമാലി ബൈപ്പാസ് റോഡ്, കാലടി പാലം എന്നിവ സംബന്ധിച്ച എന്റെ നാലാമത്തെ സബ്മിഷനാണിത്. അങ്കമാലി ബൈപ്പാസ് റോഡിനെക്കുറിച്ച് 2012-ൽ തീരുമാനിച്ച കാര്യങ്ങൾ ഇതുവരെ ഒന്നും മുന്നോട്ടുപോയിട്ടില്ല. ഇതുസംബന്ധമായ ചർച്ചകളിലും ബഡ്ജറ്റ് ചർച്ചകളിലും പങ്കെടുക്കുമ്പോൾ ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ ഇക്കാര്യം ധരിപ്പിച്ചതുമാണ്.

കാലടി ശ്രീങ്കരാ പാലത്തിന്റെ പ്രവൃത്തി മൂന്നര വർഷമായിട്ടും ആരംഭിക്കാൻ കഴിഞ്ഞില്ല. ഇതിനായി 42 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി സ്വാഗതാർഹമായ നിലപാടുകളാണ് സ്വീകരിക്കുന്നതെന്ന് പറയാതിരിക്കാൻ നിവർത്തിയില്ല. ഇക്കാര്യങ്ങൾക്ക് അദ്ദേഹത്തിന് വളരെ തുറന്ന മനസ്സാണുള്ളത്. പക്ഷേ ഈ ഗവൺമെന്റിൽ തന്നെ ചില വ്യക്തിപരമായ സ്വാധീനവും ബന്ധവുമൊക്കെയുള്ള ആളുകൾ അതിനെ തടസ്സപ്പെടുത്തിയതുകൊണ്ടാണ് മൂന്ന് കൊല്ലം നഷ്ടപ്പെട്ടത്. അത് വസ്തുതയാണ്. പ്രസ്തുത വിഷയം സംബന്ധിച്ച് ഞാൻ 2014-ൽ ചോദിച്ച ചോദ്യത്തിന് മറുപടിയായി

പറയുന്നത്, 42 കോടി രൂപയുടെ എസ്റ്റിമേറ്റിന് അലൈൻമെന്റ് പുതുക്കി നിശ്ചയിച്ച്, പുതിയ ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി നൽകുന്നതിന് നടപടി ആരംഭിക്കാമെന്നാണ്. എന്നാൽ ഒന്നും നടന്നിട്ടില്ല. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വിളിച്ചുചേർത്ത യോഗതീരുമാനം പോലും ഇതുവരെ നടപ്പിലാക്കിയിട്ടില്ല. ഇതാണ് സ്ഥിതി. അങ്കമാലി നിയോജക മണ്ഡലത്തിലെ പ്രശ്നം മാത്രമല്ല, മധ്യകേരളത്തിന്റെ കൂടി പ്രശ്നമാണിത്. അതുപോലെതന്നെയാണ് അങ്കമാലി ബൈപ്പാസ് റോഡിന്റെ കാര്യവും. നെടുമ്പാശ്ശേരി എയർപോർട്ടിൽ പോകുന്ന ആളുകളെ ഏറ്റവും കൂടുതൽ ബാധിക്കുന്ന അങ്കമാലി-തിരുവനന്തപുരം എൻ.എച്ച് 47-ന്റെ പ്രശ്നവും നിലനിൽക്കുന്നുണ്ട്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചില്ലെങ്കിൽ മദ്ധ്യകേരളത്തിലൂടെ കടന്നുപോകുന്ന ആളുകൾക്കും എയർപോർട്ടിലേയ്ക്ക് പോകുന്ന ആളുകൾക്കും ബുദ്ധിമുട്ടുണ്ടാകുന്നതാണ്. ശബരിമല സീസണിലാണ് ഏറ്റവും കൂടുതൽ പ്രശ്നമുണ്ടാകുന്നത്. ആ റോഡ് പൊട്ടി പൊളിഞ്ഞപ്പോഴാണ് കഴിഞ്ഞ വർഷം ആഗസ്റ്റ് മാസത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഒരു യോഗം വിളിച്ചുചേർത്തത്. ആ യോഗ തീരുമാനപ്രകാരവും ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയ്യേണ്ട കാര്യമാണ്, എങ്കിൽത്തന്നെയും ബഹുമാനപ്പെട്ട മന്ത്രിയുടെ

നിർദ്ദേശമനുസരിച്ച് അങ്കമാലി ബൈപ്പാസ് റോഡിന്റെയും കാലടി ശ്രീശങ്കരാ പാലത്തിന്റെയും കാര്യത്തിൽ എത്രയും വേഗം യോഗം വിളിച്ചുചേർത്ത് നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, അങ്കമാലി ബൈപ്പാസിന്റെ നിർമ്മാണം പി.പി.പി. മാതൃകയിൽ നടപ്പാക്കുന്നതിന് ആർ.ബി.ഡി.സി. മുഖാന്തിരം കിറ്റ്കോ തയ്യാറാക്കിയ പ്രാഥമിക റിപ്പോർട്ട് അനുസരിച്ച് ഇതിന്റെ ഒന്നാം ഘട്ടമായ കരയാമ്പറമ്പ് മുതൽ റെയിൽവേസ്റ്റേഷൻ വരെയുള്ള 3.2 കി.മീ. നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കൽ ചെലവ് കൂടാതെ 257 കോടി രൂപയുടെ ചെലവ് വരുമെന്ന് കണക്കാക്കിയിരുന്നു. ഇതുസംബന്ധിച്ച് 02-07-2014-ൽ കൂടിയ യോഗത്തിൽ, പദ്ധതിക്കാവശ്യമായ സ്ഥലം സൗജന്യമായി ലഭിക്കുന്നതിന് സ്ഥലം വിട്ടുതരുന്ന ഭൂവുടമകൾക്ക് ബാക്കിവരുന്ന ഭൂമിയിൽ ചില ആനുകൂല്യങ്ങൾ നൽകുവാനും വികസിപ്പിച്ചെടുക്കുന്നതിനുള്ള സ്ഥലത്തിന്റെ ഒരു ഭാഗം അവർക്ക് വിട്ടുനൽകാനുമുള്ള നടപടി സ്വീകരിക്കാവുന്നതാണെന്നും തീരുമാനിക്കുകയുണ്ടായി. ഈ നിർദ്ദേങ്ങൾ കൂടി ഉൾപ്പെടുത്തി വിശദമായ പ്രോജക്ട് റിപ്പോർട്ട് കിറ്റ്കോ തയ്യാറാക്കി വരുന്നു. അവർക്കുകൂടി ആ ആനുകൂല്യങ്ങൾ നൽകി, അങ്ങയുടെ നിർദ്ദേശപ്രകാരം പുതിയ മോഡലിനാണ് ഗവൺമെന്റ് രൂപം

നൽകിക്കൊണ്ടിരിക്കുന്നത്. കിറ്റ്കോയുടെ റിപ്പോർട്ട് ലഭിച്ചാൽ ഉടൻ തന്നെ അനന്തരനടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീശങ്കര പാലത്തിന് സമാന്തരമായി പുതിയ പാലം നിർമ്മിക്കുന്നതിന് 42 കോടി രൂപയുള്ള ഭരണാനുമതി 2012-ൽ നൽകിയിരുന്നു. എന്നാൽ അലൈൻമെന്റിന്റെ തർക്കങ്ങൾ കാരണം പ്രവൃത്തി ആരംഭിക്കാൻ സാധിച്ചില്ല. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, കാലടി ടൗണിനെ ബൈപ്പാസ് ചെയ്ത് മറ്റൂരിൽനിന്ന് നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിലേയ്ക്ക് ചേരുവാൻ തക്കവണ്ണം അലൈൻമെന്റ് പുന:ക്രമീകരിക്കുവാൻ തീരുമാനമുണ്ട്. അങ്ങ് അത് സ്വാഗതം ചെയ്തതാണ്. അതിന്റെ നടപടി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് സർവ്വേ നടത്തി അലൈൻമെന്റ് തയ്യാറാക്കിയിട്ടുണ്ട്. നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കൽ ഉൾപ്പെടെ 75 കോടി രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഉടൻതന്നെ അലൈൻമെന്റ് അംഗീകരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഇതുസംബന്ധിച്ച് ഒരു യോഗം ആവശ്യമാണെങ്കിൽ ഉടൻതന്നെ വിളിച്ചുചേർക്കുന്നതാണ്. ആ യോഗത്തിൽ എം.എൽ.എ. മാരെക്കൂടി ഉൾപ്പെടുത്തുന്നതായിരിക്കും.

ആദിവാസി കുട്ടികൾക്ക് കൗൺസിലിംഗ്

ശ്രീ. പി. കെ. ബഷീർ: സർ, വളരെ ഗൗരവമായ ഒരു വിഷയമാണ് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. നമ്മുടെ സംസ്ഥാനത്തെ ജനസംഖ്യയുടെ 1.1 ശതമാനമുള്ള ആദിവാസി സമൂഹം കാലം കഴിയുംതോറും കൂടുതൽ ചൂഷണത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. ലോകമാകെ സമഗ്ര മേഖലകളിലും നമ്മൾ മുന്നോട്ട് കുതിക്കുമ്പോൾ ആരോഗ്യ-വിദ്യാഭ്യാസ-സാമ്പത്തിക രംഗങ്ങളിലെല്ലാം ഇന്ന് ആദിവാസി സമൂഹം വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന കാലഘട്ടമാണ്. വിദ്യാഭ്യാസം ഇന്ന് അവകാശമാണ്. എന്നിട്ടും ആദിവാസി കുട്ടികളിൽ നല്ലൊരുവിഭാഗം ഇപ്പോഴും സ്കൂളിൽ പോകുന്നില്ല. പല കോളനികളിലും കുട്ടികളുടെ പേര് സ്കൂൾ രജിസ്റ്ററിലുണ്ട്. പക്ഷേ അദ്ധ്യയന വർഷാരംഭത്തിൽ കുറച്ചുദിവസം സ്കൂളിൽ പോയി കുട്ടികൾ പഠനം നിർത്തുകയാണ് പതിവ്. ചോലനായ്ക്കർ വിഭാഗത്തിൽപ്പെട്ടവർ എന്റെ നാടിനടുത്താണ് താമസിക്കുന്നത്. അവിടെ നാൽപ്പതോളം കുട്ടികളുണ്ടെങ്കിലും അവരാരുംതന്നെ സ്കൂളിൽ പോകുന്നില്ല. അതുപോലെ ചെറിയ കുട്ടികൾപോലും മദ്യത്തിനും മയക്കുമരുന്നിനും കീഴടങ്ങുന്നുവെന്നാണ് കഴിഞ്ഞ നാല് ദിവസമായി മലയാള മനോരമ ന്യൂസ് ചാനൽ ദൃശ്യമുൾപ്പെടെ വാർത്ത സംപ്രേക്ഷണം ചെയ്തത്. കോടഞ്ചേരിയിലെ ചെമ്പുകടവ്

ആദിവാസി കോളനിയിൽ 11 വയസുകാരൻപോലും മദ്യപിക്കുന്ന ദൃശ്യങ്ങളാണ് വന്നുകൊണ്ടിരിക്കുന്നത്. അതുപോലെ വീടിനുള്ളിൽ കലത്തിൽ പരസ്യമായി വയ്ക്കുന്ന മദ്യം സേവിക്കുന്നത് തെറ്റാണെന്നുപോലും ഈ കുട്ടികൾ അറിയുന്നില്ല. അതുപോലെ പെരിന്തൽമണ്ണ താഴെക്കോട് ആറാംകുന്ന് കോളനിയിലും ഇതുപോലുള്ള സംഭവങ്ങൾ നടക്കുന്നു. നമ്മുടെ സമൂഹത്തെ ലജ്ജിപ്പിക്കുന്ന ഇത്തരം വാർത്തകൾ ഇപ്പോഴും പുറത്തുവരുന്നത് നമുക്ക് വളരെ വേദനാജനകമായ സംഭവമാണ്. അതുകൊണ്ട് എല്ലാ ആദിവാസി കുട്ടികളും സ്ഥിരമായി സ്കൂളിൽ പോകുന്നുണ്ടോയെന്ന് കണ്ടെത്താൻ ഒരു കർമ്മപദ്ധതി സർക്കാർ തയ്യാറാക്കണം. മദ്യത്തിനും ലഹരിക്കും കീഴടങ്ങുന്ന കുട്ടികളെ കണ്ടെത്തി കൗൺസിലിംഗും ചികിത്സയും നൽകാനുള്ള സംവിധാനവും ഉണ്ടാകണം. അതുപോലെ ആദിവാസി സമൂഹത്തിൽ കടന്നുകൂടിയിട്ടുള്ള അമിത മദ്യപാനം കുറയ്ക്കാനും വ്യാജ വാറ്റ് തടയാനുമുള്ള പദ്ധതികളുണ്ടാകണം. അതുപോലെ ഓണം, വിഷു തുടങ്ങിയ വിശേഷ അവസരങ്ങളിൽ പല സന്നദ്ധ സംഘടനകളും ചോലനായ്ക്കൻമാരെയും ആദിവാസി സമൂഹത്തെയും സന്ദർശിക്കാനായി വനമേഖലയിൽ പോകുകയാണ്. രാവിലെ 9 മണിക്ക് കാട്ടിലെത്തി വൈകുന്നേരം 6 മണിവരെ സ്വന്തം സുഖത്തിനും സൗകര്യങ്ങൾക്കും വേണ്ടി നായാട്ട് നടത്തുന്ന (മൃഗങ്ങളെ ആക്രമിക്കുകയല്ല)

പ്രവണത അടുത്ത കാലത്ത് ഫാഷനായി മാറിയിരിക്കുകയാണ്. പല ആളുകളും പത്രത്തിൽ ഫോട്ടോ വരാനും പബ്ലിസിറ്റി കിട്ടാനുമാണ് ആദിവാസികളെയും ചോലനായ്ക്കൻമാരെയും സന്ദർശിക്കാനായി പോകുന്നത്. ചോലനായ്ക്കൻമാരെയും ആദിവാസികളെയും കാണാൻപോകുന്നവർക്ക് അനുവാദം നൽകുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തുകയും ആദിവാസി സമൂഹം അനുഭവിക്കുന്ന ദുരിതങ്ങളിൽനിന്ന് അവരെ കരകയറ്റുന്നതിനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നുമാണ് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി): സർ, ആദിവാസി ജനവിഭാഗത്തിന്റെ ക്ഷേമത്തിനും വിദ്യാഭ്യാസ മേഖലയിലെ പുരോഗതിക്കുംവേണ്ടിയാണ് പട്ടികവർഗ്ഗ വികസന വകുപ്പ് ഏറ്റവും കൂടുതൽ പ്രാധാന്യം നൽകുന്നത്. വിദ്യാഭ്യാസ പുരോഗതി ലക്ഷ്യമാക്കി കൂടുതൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകളും ഹോസ്റ്റലുകളും വകുപ്പ് ആരംഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ ജനവിഭാഗത്തെ എല്ലാവിധ ചൂഷണത്തിൽനിന്നും സംരക്ഷിക്കുന്നതിനുവേണ്ടി നിയമപരവും മറ്റ് സാമൂഹ്യപരവുമായ എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കും. കേരളത്തിലെ ആദിവാസി ജനവിഭാഗങ്ങൾ അധിവസിക്കുന്ന പ്രദേശങ്ങളിൽ മദ്യത്തിന്റെയും വ്യാജവാറ്റിന്റെയും സ്വാധീനവും

പുകയില ഉല്പന്നങ്ങളുടെ ഉപഭോഗവും വർദ്ധിക്കാതിരിക്കാൻ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നതാണ്. ബോധവൽക്കരണ പ്രവർത്തനങ്ങൾക്കുവേണ്ടി കമ്മിറ്റഡ് സോഷ്യൽ വർക്കേഴ്സിനെ നിയമിക്കും. പട്ടികവർഗ്ഗ വികസനം, പോലീസ്, എക്സൈസ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് ഇത്തരം സ്ഥലങ്ങളിൽ നിരന്തര പരിശോധനയും നിരീക്ഷണവും നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആദിവാസി കോളനിയിലുള്ളവരെ ചൂഷണം ചെയ്യുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ കേരളത്തിലെ എല്ലാ ജില്ലാ കളക്ടർമാർക്കും വീഡിയോ കോൺഫറൻസിംഗ് നടത്തി നിർദ്ദേശം നൽകിയിട്ടുണ്ട്. ദൃശ്യ ശ്രവ്യ മാധ്യമങ്ങളിൽ പലപ്പോഴായി കണ്ടുവരുന്ന വാർത്തകളുമായി ബന്ധപ്പെട്ട് ആ കോളനി നേരിട്ട് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഡയറക്ടർതന്നെ സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. മദ്യത്തിനും മറ്റ് ലഹരിപദാർത്ഥങ്ങളുടെ ഉപയോഗത്തിനുമെതിരെ എല്ലാവിധ ചൂഷണങ്ങളിൽനിന്നും അവരെ സംരക്ഷിക്കുന്നതിന് ശക്തമായ ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിനോടൊപ്പം ആദിവാസി ജനവിഭാഗത്തെ ചൂഷണം ചെയ്യാൻ ഒരു ശക്തികളെയും അനുവദിക്കില്ല. കർശനമായ നിലപാടാണ് ഗവൺമെന്റ് ഇക്കാര്യത്തിൽ സ്വീകരിക്കുന്നത്. ബഹുമാനപ്പെട്ട അംഗം

ഉന്നയിച്ച ഈ വിഷയം വളരെ ഗൗരവമായി പരിഗണിക്കുന്നതാണ്.

## എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഒഴിവുകൾ

ശ്രീമതി കെ. കെ. ലതിക: സർ, വളരെ ഗൗരവമായ ഒരു വിഷയമാണ് ഞാൻ ഉന്നയിക്കുന്നത്. കോഴിക്കോട് ജില്ലയിൽ പി.ഡബ്ല്യു.ഡി. യിലും ത്രിതല പഞ്ചായത്തിലൊന്നുംതന്നെ എഞ്ചിനീയർമാർ ഇല്ല. വടകര താലൂക്കിൽ പി.ഡബ്ല്യു.ഡി. ബിൽഡിംഗ്സിൽ ഒരു പ്യൂൺ മാത്രമാണുള്ളത്. കോഴിക്കോട് ജില്ലയിൽ ത്രിതല പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ 75 അംഗീകൃത തസ്തികകളാണുള്ളത്. 49 പഞ്ചായത്തുകളിൽ ഒരു എ.ഇ.യും 26 പഞ്ചായത്തുകളിൽ രണ്ട് പഞ്ചായത്തിന് ഒരു എ.ഇ. വീതവും 12 ബ്ലോക്കുകളിൽ ഒരു എ.ഇ. വീതവും ജില്ലാ പഞ്ചായത്തിന് ഒരു എ.ഇ.യുമായാണ് 75 തസ്തികകൾ വിഭജിച്ചിരിക്കുന്നത്. ഇതിൽ 27 എ.ഇ. മാരുടെ ഒഴിവുകളാണ് ഇപ്പോഴുള്ളത്. ഇക്കാരണത്താൽ ത്രിതല പഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനവും എം.പി./എം.എൽ.എ. ഫണ്ട്, എം.എൽ.എ. മാരുടെ ആസ്തിവികസന ഫണ്ട് എന്നിവ ഉപയോഗിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളും തടസ്സപ്പെടുകയാണ്. ഗ്രാമപഞ്ചായത്തുകളുടെ ഫണ്ടുപയോഗിച്ച് എഞ്ചിനീയർമാരെ താൽക്കാലികമായി നിയമിക്കാമെന്ന് കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനവുമുണ്ട്. പക്ഷേ മിക്ക പഞ്ചായത്തിനും അങ്ങനെ

എഞ്ചിനീയറെ നിയമിക്കാനുള്ള സാമ്പത്തികശേഷിയില്ല. ആയതിനാൽ സർക്കാർ തലത്തിൽ തന്നെ എഞ്ചിനീയർമാരുടെ ഒഴിവുകൾ അടിയന്തരമായി നികത്താനാവശ്യമായ നടപടി സ്വീകരിക്കണം. അതോടൊപ്പം മറ്റൊരു അഭ്യർത്ഥനയുള്ളത്, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് വിംഗ് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ ഇല്ല. അതുകൊണ്ടുതന്നെ പി.ഡബ്ല്യു.ഡി.-യെ സമീപിക്കേണ്ട അവസ്ഥയാണുള്ളത്. അത് പലപ്പോഴും വർക്ക് തന്നെ മുടങ്ങിപ്പോകുന്ന അവസ്ഥയുണ്ടാക്കുന്നുണ്ട്. ഇത് പരിഹരിക്കാനാവശ്യമായ അടിയന്തരമായ ഇടപെടലുണ്ടാകണം. കോഴിക്കോട് ജില്ലയിൽതന്നെ വികസന പ്രവർത്തനങ്ങളാകെ മുടങ്ങിക്കിടക്കുന്ന അവസ്ഥയാണുള്ളത്.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, കോഴിക്കോട് ജില്ലയിൽ ത്രിതല പഞ്ചായത്തുകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഒരു ഒഴിവും അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ 25 ഒഴിവും ഒന്നാം ഗ്രേഡ് ഓവർസിയറുടെ 21 ഒഴിവും രണ്ടാം ഗ്രേഡ് ഓവർസിയറുടെ 6 ഒഴിവും മൂന്നാം ഗ്രേഡ് ഓവർസിയറുടെ 43 ഒഴിവുകളും നിലവിലുണ്ട്. ഈ ഒഴിവുകളെല്ലാം ബന്ധപ്പെട്ട പി.എസ്.സി. ഓഫീസിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്കും ഒന്നാം ഗ്രേഡ് ഓവർസിയർ തസ്തികയിലേയ്ക്കുമുള്ള മത്സരപരീക്ഷ

പി.എസ്.സി. നടത്തിക്കഴിഞ്ഞിട്ടുണ്ട്. രണ്ടാം ഗ്രേഡ് ഓവർസിയർമാരുടെ നിയമനത്തിനായുള്ള മത്സരപരീക്ഷയ്ക്ക് പി.എസ്.സി. നോട്ടിഫിക്കേഷൻ ഇതുവരെ വന്നിട്ടില്ല. മൂന്നാം ഗ്രേഡ് ഓവർസിയർമാരുടെ മത്സരപരീക്ഷയ്ക്കുള്ള നോട്ടിഫിക്കേഷൻ പി.എസ്.സി. പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ കേരള പബ്ലിക് സർവീസ് കമ്മീഷനിൽനിന്നും നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് അടിസ്ഥാനത്തിൽ എംപ്ലായ്മെന്റ് എക്സ്ചേഞ്ച് മുഖേന 179 ദിവസത്തേയ്ക്ക് താൽക്കാലികമായി ഓവർസിയർമാരെ നിയമിക്കാൻ ത്രിതല പഞ്ചായത്തുകളിൽ അതാത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെയും കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ അതാത് ഓഫീസ് നിയന്ത്രണാധികാരികളെയും ചുമതലപ്പെടുത്തിക്കൊണ്ട് തദ്ദേശ ഭരണവകുപ്പ് ചീഫ് എഞ്ചിനീയർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഒന്നാം ഗ്രേഡ് ഓവർസിയർ തസ്തികയിൽ നിന്നും പ്രൊമോഷൻ വഴി 65 അസിസ്റ്റന്റ് എഞ്ചിനീയർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇപ്രകാരം പ്രൊമോഷൻ ലഭിക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാരെ ആനുപാതികമായി കോഴിക്കോട് ജില്ലയിൽ നിയമിക്കുന്നതാണ്. കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽനിന്നും ഉദ്യോഗാർത്ഥികളെ ലഭിക്കാത്ത സാഹചര്യത്തിലാണ് പ്രധാനമായും കോഴിക്കോട് ജില്ലയിൽ സാങ്കേതികവിഭാഗം

ജീവനക്കാരുടെ അഭാവമുണ്ടായിട്ടുള്ളത്. സാങ്കേതിക വിഭാഗം ജീവനക്കാരുടെ അഭാവം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കാനായി ഒഴിവുള്ള തസ്തികയിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരെയും ഓവർസിയർമാരെയും കരാറടിസ്ഥാനത്തിൽ നിയമിക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. ഇപ്രകാരം നിയമിക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ പ്രതിമാസ വേതനം 20000 രൂപയിൽ നിന്ന് 30000 രൂപയായും ഓവർസിയർമാരുടെ വേതനം 15000 രൂപയിൽനിന്ന് 20000 രൂപയായും വർദ്ധിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. അവിടെയുള്ള പ്രശ്നം പി.എസ്.സി.-യിൽനിന്ന് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നില്ല എന്നതാണ്. ഞാൻ പി.എസ്.സി. ചെയർമാനെത്തന്നെ വിളിച്ച് ലിസ്റ്റ് പ്രസിദ്ധീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രശ്നങ്ങളുണ്ടാകാ തിരിക്കാൻവേണ്ടിയാണ് പഞ്ചായത്തുകൾക്ക് നേരിട്ട് നിയമിക്കാം എന്ന് പറഞ്ഞിട്ടുള്ളത്. പണമില്ല എന്ന് പറയുന്നതിൽ അർത്ഥമില്ല, കാരണം പി.എസ്.സി. നിയമനം നടത്തിയാലും എഞ്ചിനീയർമാരുടെ പൈസ പഞ്ചായത്തുകൾ തന്നെയാണ് കൊടുത്തുകൊണ്ടിരിക്കുന്നത്. ഇതുവരെ അവർ പറഞ്ഞ പരാതി കൊടുക്കുന്ന തുക തികയുന്നില്ല എന്നതായിരുന്നു. അതുകൊണ്ടാണ് പ്രതിമാസം 20000 എന്നത്

30000 ആയും 15000 എന്നത് 20000 ആയും കോ-ഓർഡിനേഷൻ കമ്മിറ്റി കൊടുത്തിട്ടുള്ളത്. പഞ്ചായത്തുകൾ കുറച്ചുകൂടി ശുഷ്കാന്തി കാണിക്കുകയാണെങ്കിൽ ഈ പോസ്റ്റുകളൊക്കെ ഫിൽ ചെയ്യാൻ സാധിക്കും. പി.എസ്.സി. ലിസ്റ്റ് വരുമ്പോൾ അതെല്ലാം റീപ്ലെയ്സ് ചെയ്ത് പോകാൻ സാധിക്കും. ഒരു മാസംകൊണ്ട് പി.എസ്.സി. പ്രധാനപ്പെട്ട ലിസ്റ്റുകൾ പ്രസിദ്ധീകരിക്കും എന്നാണ് തോന്നുന്നത്. പി.എസ്.സി.-യിൽ വളരെയധികം കാലതാമസമുണ്ടാകുന്നുണ്ട്. പക്ഷേ നമുക്ക് പി.എസ്.സി. വേണ്ട എന്ന് തീരുമാനിക്കാൻ കഴിയില്ലല്ലോ. പി.എസ്.സി. വഴിയല്ലേ എഞ്ചിനീയർമാരുടെ നിയമനം നടത്തുന്നത്. അത് വേണ്ട എന്ന് പറയാൻ കഴിയില്ലല്ലോ.